ഉള്ളടക്കം CONTENTS

MEDIATOR NEWS
VOL-25, 2019, NO- 5 | St. Joseph Province, Kottayam. News Bulletin

പ്രൊവിൻഷ്യൽ അച്ചന്റെ സന്ദേശം..... 2
ജൂബിലി നിറവിൽ..... 3
നവ അഭിഷിക്തർ..... 10
അജപാലന വകുപ്പ്..... 16
അനുസ്മരണാഘോഷം..... 18
വിദേശവാർത്തകൾ..... 20
അജപാലന വകുപ്പ്..... 22
സാമൂഹ്യക്ഷേമ വകുപ്പ്..... 27
വിദ്യാഭ്യാസവകുപ്പ്..... 30
കാർഷിക – സാമ്പത്തിക വിഭാഗം..... 49
വാർത്തകൾ വിശേഷങ്ങൾ..... 50
അനുസ്മരണം..... 55
Upcoming Events - General Level..... 59

പ്രൊവിശ്യാ മദ്ധ്യസ്ഥനായ
വി. യൗസേഫ് പിതാവിന്റെ
തിരുനാൾ മംഗളങ്ങൾ

CMI Provincial House,
P B No. 648, Kottayam 686 001

Printed and Published by Provincial Secretariat.
For Private Circulation only

പ്രൊവിൻഷ്യലച്ചന്റെ സന്ദേശം

'കർത്താവ് അരുളിചെയ്യുന്നു: ഇപ്പോഴെങ്കിലും ഉപവാസത്തോടും
നെടുവീർപ്പോടും കൂടെ നിങ്ങൾ പൂർണ്ണ ഹൃദയത്തോടെ
എന്റെ അടുക്കലേക്ക് തിരിച്ചുവരുവിൻ ...'

ജോയേൽ 2:12

പ്രിയ ബഹുമാനപ്പെട്ട സി.എം.ഐ. കുടുംബാംഗങ്ങളെ,

ആത്മീയ തലത്തിലും ഭൗതിക മേഖലയിലും ഏറെ പ്രത്യേകതകളുള്ള ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. അന്തരീക്ഷത്തിലെ ചൂട് അന്തരാത്മാവിലും കുറവന്യേ ഉണ്ടാകണമെന്ന് കൂടെക്കൂടെ ഓർമ്മിപ്പിക്കുന്ന നോമ്പുകാലം; ദൈനംദിന ജീവിതം നൽകുന്ന ചില കുരിശിന്റെ വഴികളിൽ ജീവിതം കുടുങ്ങിക്കിടക്കാതെ, കുടഞ്ഞെഴുന്നേൽക്കാൻ സഹായിക്കുന്ന ഉയിർപ്പുതിരുനാളിന്റെ ഒരുക്കം ഇവ ആത്മീയതലത്തിലെ പ്രധാന ചൈതന്യധാരകളാണ്.

വിശുദ്ധ യൗസേപ്പ് പിതാവിന് പ്രതിഷ്ഠിക്കപ്പെട്ട മാർച്ച് മാസം നമ്മെ സംബന്ധിച്ചിടത്തോളം പിതൃദിന ഓർമ്മകളാണുണർത്തുക. യൗസേപിതാവിനെപ്പോലെ ജാഗ്രതയോടെ ദൈവ സ്വരം തിരിച്ചറിയാൻ, ചടുലതയോടെ പ്രവർത്തിക്കാൻ പ്രവശ്യാമദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിന്റെ മാദ്ധ്യസ്ഥ്യം നമുക്ക് ധാരാളമായി ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. വിശുദ്ധന്റെ തിരുനാൾ മംഗളങ്ങൾ ഏവർക്കും നേരുന്നു.

പ്രേഷിതപ്രവർത്തനവും സുവിശേഷവത്കരണവും ശുശ്രൂഷകളും, കേരളത്തിലും ഇന്ത്യയിലും അത്ര സുഗമമായിരിക്കില്ല എന്നു കാണിക്കുന്ന ചില മാധ്യമ - രാഷ്ട്രീയ പ്രവണതകളും, സമൂഹശൈലികളിൽ വന്നുപെടുന്ന ചില ഭാവമാറ്റങ്ങളും സംഭവവികാസങ്ങളും കാലികമായ ഭൗതിക മേഖലയാണ്.

ഇവിടെ, ഒരു ഉത്തമ സി.എം.ഐ. സന്യാസ വൈദികൻ എന്ന നിലയിൽ ആത്മീയ വളർച്ചാവഴികളെ മടുപ്പില്ലാതെ സ്വയം ആശ്ലേഷിക്കാനും, സഭയുടെ നിയമാവലിയിലെ ആത്മീയതയെ അടുത്തറിയുവാനും, സുഗന്ധമുള്ള ഒരു പുഷ്പമാലയാക്കി സമൂഹജീവിതത്തെ മാറ്റുവാനും ഞാൻ എത്ര ശ്രമിക്കുന്നുവെന്നത് നോമ്പുകാല ആത്മപരിശോധനാ വിഷയമായിരിക്കട്ടെ. മാറ്റം അന്യനിൽ നിന്നല്ല എന്നിൽ നിന്നുവേണം തുടങ്ങാൻ എന്നത് ഉറപ്പുള്ള ബോധ്യമായി ഉള്ളിൽ രൂപപ്പെടട്ടെ.

മാർച്ച് 8 - ാം തിയതി ഫ്രാൻസിസ് പാപ്പാ 'കാസാ സാന്റാ മാർത്താ'യിൽ വച്ചു നൽകിയ നോമ്പുകാല സന്ദേശവും ധ്യാനവിഷയമാക്കാം. പരിത്യാഗപ്രവൃത്തികളിൽ മുഖം സന്തോഷഭരിതമായിരിക്കണമെന്നും, ചെണ്ട കൊട്ടി നാടറിയിച്ചുള്ള ഉപവികളല്ല, സ്വർഗ്ഗീയ പിതാവിനെ ധ്യാനിച്ചുള്ള പ്രവൃത്തികളാണ് നോമ്പിനെ ചൈതന്യവത്താക്കുന്നതെന്നും പാപ്പാ ഓർമ്മിപ്പിക്കുന്നു. ആത്മാവിനെ, പുറമെ ചായം പൂശി മോടിപിടിപ്പിച്ച് ആത്മീയ കപടത പ്രകടിപ്പിച്ചാൽ, കപടമായ ആ ആത്മാവിനെ ദൈവത്തിന് തിരിച്ചറിയാൻ കഴിയാതെ പോകുമെന്നതിനാൽ, ആത്മാർത്ഥത ആത്മീയവഴികളിലും അനിവാര്യമാണ് എന്ന ഫ്രാൻസിസ് പാപ്പായുടെ വാക്കുകളെ നമ്മുടെ അനുദിന സന്യാസ - ആത്മീയാഭ്യാസങ്ങളുമായി ചേർത്ത് ധ്യാനിക്കാം.

നോമ്പുകാലത്തുതന്നെ നമ്മുടെ പ്രവിശ്യ, നിയമാവലി ധ്യാനചൈതന്യത്തിലേയ്ക്കു പ്രവേശിക്കുന്നു (മാർച്ച് 31 - ഏപ്രിൽ 06) എന്നത് വൈയക്തികമായ ഒരുക്കത്തിനുള്ള ഓർമ്മപ്പെടുത്തലാണ്. സഭ ചൈതന്യവത്തായി വളരണം; അതിനായി സമൂഹങ്ങൾ ആത്മീയശക്തി പ്രാപിക്കണം; അതിനായി വ്യക്തികൾ സഭാത്മകമായും ആത്മീയമായും ഉണർവു നേടണം. ഇതിനുള്ള ഈ ധ്യാനാവസരത്തെ അനുഗ്രഹമായിക്കണ്ട് ഉപയോഗപ്പെടുത്താൻ നമുക്കു സാധിക്കട്ടെ.

നോമ്പുകാലാശംസകളോടെ,

സ്നേഹാശംസകളോടെ,

ഫാ. സെബാസ്റ്റ്യൻ ഇലഞ്ഞിക്കൽ സി. എം. ഐ.

പ്രൊവിൻഷ്യൽ

പൗരോഹിത്യ സുവർണ്ണ ജൂബിലി നിറവിൽ



ഫാ. എബ്രഹാം പെരികിലകാട്ട്

പാലാ രൂപതയിൽ മൂഴൂർ ഇടവകയിൽ പെരികിലകാട്ട് തോമസ്സിന്റെയും റോസമ്മയുടെയും മകനായി 1936 ഡിസംബർ 26-ാം തീയതി ജനിച്ചു. ബിസിനസ്സുകാരനായി ജീവിതം ആരംഭിച്ചെങ്കിലും ദൈവഹിതം തിരിച്ചറിഞ്ഞ് 1956 ജൂൺ മാസത്തിൽ മാന്നാനം ആശ്രമത്തിൽ യോഗാർത്ഥിയായി ചേരുകയും 1959 ൽ ആദ്യവ്രതവും 1962 ൽ ബാംഗ്ലൂർ ധർമ്മാരാമിൽ വച്ച് നിത്യവ്രതവും അനുഷ്ഠിച്ചു. 1969 ഏപ്രിൽ 29 ന് മൂഴൂർ ഇടവകപള്ളിയിൽ വച്ച് അഭിവന്ദ്യ പാലാ മെത്രാൻ സെബാസ്റ്റ്യൻ വയലിൽ പിതാവിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. അച്ചന് രണ്ടു സഹോദരന്മാരും നാലുസഹോദരികളും ഉണ്ട്, ഒരാൾ എഫ്.സി.സി. സഭാംഗവും ആണ്.

റീജൻസി കാലഘട്ടത്തിൽ പുന്നപ്ര കാർമ്മൽ പോളിടെക്നിക്കിൽ നിന്നും സിവിൽ എഞ്ചിനിയറിംങ്ങിൽ ഡിപ്ലോമ കരസ്ഥമാക്കുകയും, അമേരിക്കയിലെ University of New Haven ൽ നിന്നും ഡിഗ്രിയും കരസ്ഥമാക്കിയ അച്ചൻ ദൈവശാസ്ത്ര പഠനം പൂർത്തിയാക്കിയത് ഇതിനുശേഷമുള്ള കാലഘട്ടത്തിലാണ്. 1974 ൽ വീണ്ടും ഉപരിപഠനത്തിനായി അമേരിക്കയിലേക്ക്.

സഭയ്ക്ക് അകത്തും പുറത്തും ധാരാളം കെട്ടിടങ്ങൾ അദ്ദേഹം രൂപകൽപന ചെയ്തു. സി.എസ്.ആർ പരിയാരം, ക്രൈസ്റ്റ് കോളേജ്, മൂലമറ്റം കോളേജ്, വിവിധധ്യാനമന്ദിരങ്ങൾ തുടങ്ങി വളരെയധികം നിർമ്മാണ പ്രവർത്തനങ്ങൾ ബഹു. എബ്രഹാം അച്ചന്റെ നേതൃത്വത്തിൽ നടന്നു,

1986 ൽ പരിശുദ്ധപിതാവ് കോട്ടയത്തു വന്നപ്പോൾ വേദി ഒരുക്കുന്നതിനും, വി. അൽഫോൻസാമ്മയുടെ ജന്മസ്ഥലമായ കുടമാളൂരിലെ ഷ്രൈൻ, ഭരണങ്ങാനം മ്യൂസിയം, മാന്നാനം ചാവറ മ്യൂസിയം, കാക്കനാടുള്ള സി.എം.ഐ. ജനറലേറ്റ് തുടങ്ങിയവയുടെ രൂപകല്പനയിലും നിർമ്മാണത്തിലും അച്ചൻ പങ്കു വഹിച്ചിരുന്നു.

സംഗീതത്തിലും എഞ്ചിനിയറിംങ്ങ് മേഖലകളിലും സ്റ്റേജ് അവതരണങ്ങ

ളിലും തല്പരനായിരുന്ന ബഹു. എബ്രഹാം അച്ചൻ പുന്നപ്ര കാർമ്മൽ കോളേജ് പ്രിൻസിപ്പൽ, ആശ്രമം സുപ്പീരിയർ, മൂലമറ്റം, പുതുപ്പള്ളി തുടങ്ങിയ ആശ്രമങ്ങളുടെ സുപ്പീരിയർ എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എബ്രഹാം അച്ചന് പ്രവശ്യയുടെ സ്നേഹാദരങ്ങളും പ്രാർത്ഥനകളും നേരുന്നു.

സന്ന്യാസ സുവർണ്ണ ജൂബിലി നിറവിൽ

പാലാ രൂപതയിൽ കാഞ്ഞിരത്താനം ഇടവകയിൽ പന്തപ്ലാംതൊട്ടിയിൽ ജോസഫിന്റെയും ഏലികുട്ടിയുടെയും മകനായി 1951 ഫെബ്രുവരി 27-ാം തീയതി കുറവിലങ്ങാട്ട് ജനിച്ചു. 1965 ജൂൺ 6-ാം തീയതി സഭയിൽ പ്രവേശിക്കുകയും 1969 ജൂൺ 22-ാം തീയതി ആദ്യവ്രതവും 1972 ജൂൺ 22 ന് നിത്യവ്രതവും അനുഷ്ഠിച്ചു. 1975 ഡിസംബർ 17 ന് ഇടവകപള്ളിയിൽ വച്ച് അഭിവന്ദ്യ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിൽ നിന്നും വൈദിക പട്ടം സ്വീകരിക്കുകയും ചെയ്ത ബഹു. ജോസ് പന്തപ്ലാംതൊട്ടിയിൽ അച്ചന് അഞ്ചു സഹോദരന്മാരും രണ്ടുസഹോദരികളും ഉണ്ട്.

അമേരിക്കയിലെ വിവിധ യൂണിവേഴ്സിറ്റികളിൽ ഉപരിപഠനം പൂർത്തിയാക്കിയ ബഹു. ജോസച്ചൻ പ്രവിശ്യയിലും സഭയിലും വിവിധ ചുമതലകൾ നിർവ്വഹിച്ചിരുന്നു. പ്രൊവിൻഷ്യൽ സെക്രട്ടറി, ദീപിക ദിനപത്രത്തിന്റെ ചീഫ് എഡിറ്റർ, ബാംഗ്ലൂർ ക്രൈസ്റ്റ് കോളേജ് വൈസ്പ്രിൻസിപ്പൽ, അമേരിക്കയിൽ സഭയുടെ കോ-ഓർഡിനേറ്റർ, സി.എം.ഐ. സഭയുടെ പ്രിയോർ ജനറാൾ തുടങ്ങിയ വിവിധമേഖലകളിൽ സേവനം ചെയ്ത ബഹു. ജോസച്ചൻ വിവിധ ഭാഷകളിലായി നിരവധി പുസ്തകങ്ങളും ലേഖനങ്ങളും രചിച്ചിട്ടുണ്ട്.

ഇപ്പോൾ അമേരിക്കയിലെ ഫ്ളോറിഡയിൽ അജപാലന ശുശ്രൂഷ രംഗത്ത് സേവനമനുഷ്ടിക്കുന്ന ബഹു. ജോസ് പന്തപ്ലാം തൊട്ടിയിൽ അച്ചന് ആദ്യവ്രതാനുഷ്ഠാനത്തിന്റെ സുവർണ്ണ ജൂബിലിയുടെ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

ആശംസകൾ

അജപാലന വകുപ്പ് കൗൺസിലറായും വികാർ പ്രൊവിൻഷ്യലായും നിയമിക്കപ്പെട്ടിരിക്കുന്ന **ബഹു. ചാണ്ടി കിഴക്കയിൽ അച്ചന്** പ്രാർത്ഥനാശംസകൾ അറിയിക്കുന്നു.

പ്രവിശ്യാ ഓഡിറ്ററായി നിയമിയ്ക്കപ്പെട്ട **ബഹു. ജോബി മാത്തൻകുന്നേലച്ചന്** എല്ലാവിധ പ്രാർത്ഥനാശംസകളും വിജയാശംസകളും നേരുന്നു.

പൗരോഹിത്യ രജത ജൂബിലി നിറവിൽ



ബഹു. ജോഷി തടിയനാനിയ്ക്കൽ: പാലാ രൂപതയിലെ മണ്ണയ്ക്കനാട് ഇടവകയിൽ പരേതരായ തടിയനാനിക്കൽ മാത്യുവിന്റെയും അന്നമ്മയുടെയും മകനായി 1963 നവംബർ 27-ാം തിയതി ജനിച്ചു. 1980 ജൂൺ 2-ാം തിയതി സഭയിൽ പ്രവേശിക്കുകയും 1985 മാർച്ച് 19-ാം തിയതി ആദ്യവ്രതവും 1992 ജൂൺ 12-ാം തിയതി നിത്യവ്രതവും അനുഷ്ഠിച്ചു. 1994 ഡിസംബർ 27-ാം തിയതി അഭിവന്ദ്യ മാർ എബ്രാഹം കാട്ടുമന പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. ഇപ്പോൾ തേനി മേരി മാതാ ഹൗസിന്റെ സുപ്പീരിയറും, മേരി മാതാ സ്കൂളിന്റെ കറസ്പോൺഡന്റുമായി സേവനം അനുഷ്ഠിക്കുന്നു.

സന്ന്യാസ രജത ജൂബിലി നിറവിൽ

ബഹു. വെള്ളക്കടയിൽ പോൾ : പാലാ രൂപതയിലെ മറ്റത്തിപ്പാറ ഇടവകയിൽ വെള്ളക്കടയിൽ ഫിലിപ്പിന്റെയും മേരിയുടെയും മകനായി 1971 ഫെബ്രുവരി 14-ാം തിയതി ജനിച്ചു. 1989 ജൂൺ 6-ാം തിയതി സഭയിൽ പ്രവേശിക്കുകയും 1994 മാർച്ച് 19-ാം തിയതി ആദ്യവ്രതവും 1999 ജൂൺ 5-ാം തിയതി നിത്യവ്രതവും അനുഷ്ഠിച്ചു. 2004 ജനുവരി 03-ാം തിയതി അഭിവന്ദ്യ മാർ ജോസഫ് കുന്നത്തു പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. ഇപ്പോൾ ജർമ്മനിയിൽ അജപാലന രംഗത്ത് പ്രവർത്തിക്കുന്നു.

ബഹു. പാറാംതോട്ട് ജോഷി: പാലാ രൂപതയിലെ നീലപ്പാറ ഇടവകയിൽ പാറാംതോട്ട് വർഗീസിന്റെയും അന്നകുട്ടി



യുടെയും മകനായി 1973 ജനുവരി 1-ാം തിയതി മൂന്നിലവിൽ ജനിച്ചു. 1989 ജൂണിൽ സഭയിൽ പ്രവേശിക്കുകയും 1994 മാർച്ച് 19-ാം തിയതി ആദ്യവ്രതവും 1999 ജൂൺ 5-ാം തിയതി നിത്യവ്രതവും അനുഷ്ഠിച്ചു. 2004 ജനുവരി 1-ാം തിയതി ഇടവകപ്പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കുന്നത്തു പിതാവിൽ നിന്നും തിരുപട്ടം സ്വീകരിച്ച ബഹു. ജോഷിയച്ചൻ ഇപ്പോൾ നമീബിയായിൽ സെമിനാരിയിൽ പഠിപ്പിക്കുന്നു.

ബഹു. മങ്കര തോമസ്: പാലാ രൂപതയിലെ മണ്ണാറപ്പാറ ഇടവകയിൽ മങ്കര തോമസിന്റെയും മേരിയുടെയും മകനായി 1973 ഏപ്രിൽ 3-ാം തിയതി ജനിച്ചു. 1989 ൽ സഭയിൽ പ്രവേശിക്കുകയും 1994 മാർച്ച് 19-ാം തിയതി ആദ്യവ്രതവും 1999 ജൂൺ 5-ാം തിയതി നിത്യവ്രതവും അനുഷ്ഠിച്ചു. 2003 ഡിസംബർ 29-ാം തിയതി ഇടവകപ്പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കുന്നത്തു പിതാവിൽ നിന്നും തിരുപട്ടം സ്വീകരിച്ച ഇദ്ദേഹം ഇപ്പോൾ ബാംഗ്ളൂർ കെങ്കേരി ക്രൈസ്റ്റ് സ്കൂളിന്റെ പ്രൻസിപ്പലായി സേവനം അനുഷ്ഠിക്കുന്നു.

ബഹു. പൂവത്തിനാൽ ഇമ്മാനുവേൽ: പാലാ രൂപതയിലെ മോനിപ്പള്ളി ഇടവകയിൽ പൂവത്തിനാൽ ജോസഫിന്റെയും ഏലിയാമ്മയുടെയും മകനായി 1973 മാർച്ച് 19-ാം തിയതി ജനിച്ചു. 1989 ജൂൺ 6-ാം തിയതി സഭയിൽ പ്രവേശിക്കുകയും 1994 മാർച്ച് 19-ാം തിയതി ആദ്യവ്രതവും 1999 ജൂൺ 5-ാം തിയതി നിത്യവ്രതവും അനുഷ്ഠിച്ചു. 2003 ഡിസംബർ 30-ാം തിയതി ഇടവകപ്പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കുന്നത്തു പിതാവിൽ നിന്നും തിരുപട്ടം സ്വീകരിച്ച ഇദ്ദേഹം ഇപ്പോൾ ബാംഗ്ളൂർ ക്രിസ്തു ജയന്തി കോളേജിൽ സേവനം അനുഷ്ഠിക്കുന്നു.



ബഹു. മഞ്ഞക്കുന്നേൽ സിബി: കാഞ്ഞിരപ്പള്ളി രൂപതയിലെ തെക്കേമല ഇടവകയിൽ മഞ്ഞക്കുന്നേൽ തോമസി

ന്റെയും മേരികുട്ടിയുടെയും മകനായി 1973 സെപ്റ്റംബർ 4-ാം തിയതി ജനിച്ചു. 1989 ജൂൺ 6-ാം തിയതി സഭയിൽ പ്രവേശിക്കുകയും 1994 മാർച്ച് 19-ാം തിയതി ആദ്യവ്രതവും 1999 ജൂൺ 5-ാം തിയതി നിത്യവ്രതവും അനുഷ്ഠിച്ചു. 2003 ഡിസംബർ 31-ാം തിയതി ഇടവകപ്പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ മാത്യു അറക്കൽ പിതാവിൽ നിന്നും തിരുപട്ടം സ്വീകരിച്ച ബഹു. സിബിയച്ചൻ ഇപ്പോൾ അമേരിക്കയിൽ അജപാലന ശുശ്രൂഷ ചെയ്യുന്നു.

ബഹു. മണ്ണാംപറമ്പിൽ ജോസഫ്: കാഞ്ഞിരപ്പള്ളി രൂപതയിലെ വലിയതൊവാള ഇടവകയിൽ മണ്ണാംപറമ്പിൽ പരേതനായ ഡൊമിനിക്കിന്റെയും മേരികുട്ടിയുടെയും മകനായി 1974 മാർച്ച് 13-ാം തിയതി ജനിച്ചു. 1989 ജൂൺ 18-ാം തിയതി സഭയിൽ പ്രവേശിക്കുകയും 1994 മാർച്ച് 19-ാം തിയതി ആദ്യവ്രതവും 1999 മെയ് 5-ാം തിയതി നിത്യവ്രതവും അനുഷ്ഠിച്ചു. 2005 ജനുവരി 2-ാം തിയതി ഇടവകപ്പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിൽ നിന്നും തിരുപട്ടം സ്വീകരിച്ച ഇദ്ദേഹം ഇപ്പോൾ ചക്കുപള്ളം ആശ്രമ സുപ്പീരിയറും ഇടവക വികാരിയുമായി സേവനം അനുഷ്ഠിക്കുന്നു.

ബഹു. പൂത്തോട്ടാൽ മനോജ്: പാലാ രൂപതയിലെ ചേർപ്പുങ്കൽ ഇടവകയിൽ പൂത്തോട്ടാൽ എമ്മാനുവലിന്റെയും അന്നകുട്ടിയുടെയും മകനായി 1974 ഒക്ടോബർ 25-ാം തിയതി ജനിച്ചു. 1989 ജൂൺ 6-ാം തിയതി സഭയിൽ പ്രവേശിക്കുകയും 1994 മാർച്ച് 19-ാം തിയതി ആദ്യവ്രതവും 1999 ജൂൺ 5-ാം തിയതി നിത്യവ്രതവും അനുഷ്ഠിച്ചു. 2003 ഡിസംബർ 27-ാം തിയതി അഭിവന്ദ്യ മാർ ജോസഫ് കുന്നത്തു പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. ഇപ്പോൾ പാലമ്പ്ര ആശ്രമത്തിൽ അംഗമായി പാലമ്പ്ര സ്കൂളിൽ സേവനം അനുഷ്ഠിക്കുന്നു.

ഏവർക്കും ഹൃദ്യമായ
ജൂബിലിമംഗളങ്ങളും ദൈവാനുഗ്രഹവും
നേരുന്നു.

സിൽവർ ജൂബിലി നിറവിൽ

കോഴിക്കോട് സെന്റ് തോമസ് പ്രൊവിൻസ്

സുദീർഘമായ 84 വർഷങ്ങൾ കഴിയുന്നു സിഎം.ഐ സഭ' മലബാർ കുടിയേറ്റക്കാരുടെ കൂടെ കൂടാരമടിച്ചിട്ട്. മലബാറിൽ സെന്റ് തോമസ് പ്രൊവിൻസ് കോഴിക്കോട് രൂപീകൃതമായിട്ട് അമ്പത് വർഷം പിന്നിടുന്നു. സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപനം 2019 ഫെബ്രുവരി 23-ാം തിയതി പാറേപ്പടി സിൽവർ ഹിൽസ് സ്കൂളിൽ നടന്നു. തലശ്ശേരി മെത്രാപ്പോലീത്താ മാർ ജോർജ്ജ് ഞരളക്കാട്ട് ഉത്ഘാടനം ചെയ്തു. താമരശ്ശേരി ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ അദ്ധ്യക്ഷത വഹിച്ചു. കോഴിക്കോടിന്റെ മാതൃപ്രൊവിശ്യയായ കോട്ടയം പ്രൊവിൻസിനെ പ്രതിനിധീകരിച്ച് പ്രൊവിൻഷ്യൽ ബഹു. സെബാസ്റ്റ്യൻ ഇലഞ്ഞിക്കൽ അച്ചൻ ആഘോഷങ്ങളിൽ പങ്കെടുക്കുകയും, ആശംസകളറിയിച്ച് സംസാരിക്കുകയും, സെന്റ് തോമസ് പ്രൊവിൻസിൽ നിന്നും സ്വർഗ്ഗസമ്മാനത്തിനായി വിളിക്കപ്പെട്ട വൈദികരെക്കുറിച്ചുള്ള പുസ്തകം പ്രകാശനം ചെയ്യുകയും ചെയ്തു.

മലയോര മേഖലകൾക്ക് ആത്മീയതയുടെയും അറിവിന്റെയും വെളിച്ചം പകരുന്ന സെന്റ് തോമസ് പ്രൊവിൻസിന് മാതൃപ്രൊവിശ്യയുടെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും ജൂബിലി മംഗളങ്ങളും.

ആശംസകൾ ... അഭിനന്ദനങ്ങൾ

റവ. ഡോ. അബ്രാഹം വെട്ടിയാങ്കൽ സി.എം.ഐ.
ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ

ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലറായി റവ.ഡോ. അബ്രാഹം വെട്ടിയാങ്കൽ നിയമിതനായി. കഴിഞ്ഞ പത്തു വർഷമായി ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയുടെ പ്രോ. വൈസ് ചാൻസിലറായി സേവനമനുഷ്ഠിച്ചിരുന്ന ഇദ്ദേഹം ഇപ്പോഴത്തെ വൈസ് ചാൻസലറായിരുന്ന റവ. ഡോ. തോമസ് സി. മാത്യു വിരമിക്കുന്ന ഒഴിവിലേക്കാണ് നിയമിതനായത്. കോട്ടയം ജില്ലയിൽ കാഞ്ഞിരമറ്റം ഇടവകയിൽ വെട്ടിയാങ്കൽ കുടുംബാംഗമാണ് റവ.ഡോ.അബ്രാഹം.

വിദ്യാഭ്യാസ മേഖലയിലും ഭരണനിർവഹണ മേഖലയിലും തന്റേതായ വ്യക്തിമുദ്രപതിപ്പിച്ച റവ.ഡോ. അബ്രാഹം ബാംഗ്ലൂർ ധർമ്മാരാം വിദ്യാക്ഷേത്രത്തിൽ നിന്നും തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ബിരുദം നേടി. കോഴിക്കോട് ദേവഗിരി കോളേജിൽ നിന്നും ഗണിതശാസ്ത്രത്തിൽ ബിരുദവും, മാസ്റ്റർ ബിരുദവും കരസ്ഥമാക്കി. അയോണ കോളേജ് ന്യൂയോർക്കിൽ നിന്നും കംമ്പ്യൂട്ടർ സയൻസിൽ മാസ്റ്റർ ബിരുദവും ബാംഗ്ലൂർ യൂണിവേഴ്സിറ്റിയിൽ നിന്നും പി.എച്ച്.ഡി.യും സ്വന്തമാക്കിയ ഡോ. അബ്രാഹം നലംതികഞ്ഞ ഒരദ്ധ്യാപകനാണ്. കഴിഞ്ഞ മുപ്പതു വർഷമായി ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ സേവനമനുഷ്ഠിക്കുന്ന ഇദ്ദേഹം, ക്രൈസ്റ്റ് ജൂനിയർ കോളേജ് പ്രിൻസിപ്പൽ, ക്രൈസ്റ്റ് കോളേജ് ഫിനാൻസ് ഓഫീസർ, ഗണിതശാസ്ത്രവിഭാഗം അദ്ധ്യാപകൻ, ക്രൈസ്റ്റ് കോളേജ് വൈസ് പ്രിൻസിപ്പൽ എന്നീ വ്യത്യസ്ത സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. പ്രവിശ്യാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു.



നവ വൈദികർ

ഫാ. മിഥുൻ മാത്യു തടിയനാനിക്കൽ

പാല രൂപതയിലെ മണ്ണയ്ക്കനാട് സെന്റ് സെബാസ്റ്റ്യൻ ഇടവകാംഗമായ പരേതനായ തടിയനാനിക്കൽ റ്റി.എം. മാത്യുവിന്റെയും വത്സമ്മയുടെയും മൂന്നാമത്തെ മകനായി 1989 ജൂൺ 20-ാം തീയതി പാലയിൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 2005 ജൂൺ 6 ന് മുത്തോലിയിൽ സഭാപ്രവേശനം. ദർശനാ ഫിലോസഫേറ്റ് വാർദ്ധയിൽ ഫിലോസഫി പഠനം പൂർത്തിയാക്കി ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ തിയോളജിയും പൂർത്തിയാക്കി 27.12.2018 ൽ രാജ്ക്കോട്ട് രൂപതയുടെ മെത്രാൻ ജോസ് ചിറ്റൂപറമ്പിൽ പിതാവിൽ നിന്നും പാല സെന്റ് വിൻസെന്റ് ആശ്രമ ദൈവാലയത്തിൽ വച്ച് പൗരോഹിത്യം സ്വീകരിക്കുകയും അന്നേദിനം വൈകുന്നേരം ഇടവകപള്ളിയിൽ പ്രഥമ ദിവ്യ ബലി അർപ്പിക്കുകയും ചെയ്തു.

'നിങ്ങൾക്കു പ്രതിഫലമായി കർത്താവിൽ നിന്നും അവകാശം ലഭിക്കുമെന്ന് അറിഞ്ഞുകൊള്ളുവിൻ. കർത്താവായ ക്രിസ്തുവിനെയാണല്ലോ നിങ്ങൾ ശുശ്രൂഷിക്കുന്നത്' (കൊളോ. 3:24)

പൗരോഹിത്യത്തിന്റെ നാൾവഴികളിൽ എന്റെ ശക്തി ഇതായിരുന്നു 'കർത്താവായ ക്രിസ്തുവിനെയാണല്ലോ നിങ്ങൾ ശുശ്രൂഷിക്കുന്നത്'. ഞാൻ ഭൂമിയിലേക്കു പിറന്നു വീഴുന്നതിനുമുമ്പ് തന്നെ ദൈവം തനിക്കായി എന്നെ വേർതിരിച്ചു നിറുത്തി. ഓരോ നിമിഷവും അവിടുന്നെന്നെ താങ്ങി വളർത്തി. തകർച്ചകളിലൂടെയും വീഴ്ച്ചകളിലൂടെയും അവിടുന്നെന്നെ വിശുദ്ധീകരിച്ചു. അവസാനം അയോഗ്യനും പാപിയുമായ എന്നെ ജനങ്ങൾക്ക് പ്രവാചകനായി നിയോഗിച്ച് മാറ്റി നിർത്തി. ദൈവമേ നിന്റെ കാരുണ്യം എത്ര അവർണ്ണനീയം. ... നിന്റെ സ്നേഹം എത്ര ആനന്ദദായകം

മറ്റ് വ്യക്തികളുടെ നല്ല ജീവിതവും, കാഴ്ച്ചപാടുകളും മനോഭാവവും വേറൊരുവനെ തീർച്ചയായും സ്വാധീനിക്കും. ഇതുപോലെ എന്റെ ജീവിതത്തിൽ ഈശോയ്ക്കുവേണ്ടി നിത്യപുരോഹിതനാകാൻ പ്രേരിപ്പിച്ച നിരവധി വ്യക്തികൾ ഉണ്ട്. ദൈവം എന്നിൽ വിതച്ച ദൈവവിളിയെ തിരിച്ചറിയുവാനും അതിന് വളവും ജലവും നൽകി പരിപോഷിപ്പിക്കുവാനും എന്നെ സഹായിച്ചവർ. തമ്പുരാന്റെ ബലിപീഠത്തിന് മുമ്പിൽ നിൽക്കുമ്പോൾ, എന്നിലുള്ള ദൈവവിളിയെ തിരിച്ചറിഞ്ഞ്, ഈശോയ്ക്കുവേണ്ടി സ്വന്തമാകുവാൻ എന്നെ സഹായിച്ച എല്ലാവർക്കും സന്തോഷത്തിന്റെ അശ്രുകണത്താൻ നിറഞ്ഞ നന്ദി പ്രണാമം.

ആയിരങ്ങളുടേയും പതിനായിരങ്ങളുടേയും കണ്ണീരിന്റെയും നിലവിളിയുടേയും പ്രത്യുത്തരമായി ദൈവം കനിഞ്ഞു നൽകിയ പൗരോഹിത്യം സ്വീകരിച്ച് വിശുദ്ധിയിൽ ജീവിച്ച് ആരുടേയും സ്വന്തമാകാതെ, എല്ലാവരുടേയും സ്വന്തമായി, കണ്ണീരൊപ്പി സാന്ത്വനിപ്പിച്ച് സുഖവും, സന്തോഷവും, സമാധാനവും പകർന്നു നൽകുന്ന ഒരു വൈദികനായി ജീവിക്കുവാൻ ഏവരുടേയും പ്രാർത്ഥനകൾ യാചിക്കുന്നു.

കോട്ടയം പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻഷ്യൽ സെക്രട്ടറിയായി ഞാൻ സ്ഥാനമേറ്റു. പ്രാർത്ഥനകൾ യാചിക്കുന്നു ... നന്ദി.

ഫാ. നോബിൻ മടേലിൽ

ചങ്ങനാശ്ശേരി അതിരൂപതയിലെ മണിമല ഹോളി മാഗി ഫൊറെൻ പള്ളി ഇടവകാംഗമായ മടേലിൽ സോജൻ മാത്യുവിന്റെയും മറിയാമ്മയുടെയും മകനായി 1986 നവംബർ 29-ാം തീയതി നോബിൻ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം മുത്തോലിയിൽ 2003 ൽ സഭാപ്രവേശനം. വാർദ്ധ ദർശന ഇൻസ്റ്റിറ്റ്യൂട്ടിൽ ഫിലോസഫി, ഭോ



പ്പാൽ സമന്വയ കോളേജിൽ തിയോളജി പഠനവും പൂർത്തിയാക്കി 28.12.2018 ൽ ജഗദൽപൂർ രൂപതയുടെ മെത്രാൻ ജോസഫ് കൊല്ലംപറമ്പിൽ പിതാവിൽ നിന്നും മണിമല ഹോളി മാഗി ദൈവാലയത്തിൽ വച്ച് പൗരോഹിത്യം സ്വീകരിക്കുകയും അന്നേദിനം പ്രഥമ ദിവ്യ ബലി അർപ്പിക്കുകയും ചെയ്തു.

'ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലവും നന്മയ്ക്കായ് പരിണമിപ്പിക്കുന്നുവെന്നു നമുക്കറിയാമല്ലോ' (റോമാ. 8:28)

നല്ല തമ്പുരാന്റെ ആ പദ്ധതിയെ പതിനഞ്ചു വർഷങ്ങൾക്കു മുമ്പ് തിരിച്ചറിയുവാൻ അവൻ നല്കിയ പ്രചോദത്തിന് ഏറെ നന്ദി. കടന്നുപോയ വർഷങ്ങളിലുടനീളം ഈ പദ്ധതിയെക്കുറിച്ച് ധ്യാനിക്കുവാനും അത് എന്റെ നന്മയ്ക്കായിട്ടുള്ളതായിരുന്നു എന്ന് തിരിച്ചറിയുവാനും സി.എം.ഐ. സന്യാസ സമൂഹം എന്നെ പരിശീലിപ്പിച്ചു. എന്റെ ഗുരുഭൂതരെ ഇന്ന് നിങ്ങൾക്കുമുമ്പിൽ ഞാൻ കരങ്ങൾ കൂപ്പുന്നു. സന്യാസ പിള്ളത്തൊട്ടിലായ നവസന്ന്യാസ കാലഘട്ടമായിരുന്നു ഈ തിരിച്ചറിവിന് കൂടുതൽ ആക്കം കൂട്ടിയത്. ക്രിസ്തുവിന്റെ പുരോഹിതനായി ഇന്ന് വിശുദ്ധ ബലിപീഠത്തെ സമീപിക്കുമ്പോൾ സന്ന്യാസത്തിന്റെ ഈ കരുത്ത് എനിക്ക് ധൈര്യം നല്കുന്നു. എന്റെ അമ്മയായ സി.എം.ഐ. സഭയുടെ

കൈകളിൽ ഞാൻ എന്നും സുരക്ഷിത നാണെന്നബോധ്യം എന്നെ മുന്നോട്ടു നയിക്കുന്നു. പ്രാർത്ഥനയുടെ കരങ്ങൾ ഉയരുമ്പോൾ എന്നെയും അനുസ്മരി ക്കണമെന്ന് അപേക്ഷിക്കുന്നു.



ഫാ. ജോസി ഏർത്തേടത്ത്

ചങ്ങനാശ്ശേരി അതിരൂപതയിലെ കരിമ്പനകുളം സേക്രട്ട് ഹാർട്ട് പള്ളി ഇടവകാംഗമായ ഏർത്തേടത്ത് ജേക്ക ബ് ജെസി ദമ്പതികളുടെ മൂന്നു മക്ക ളിൽ മൂത്തവനായി 1988 സെപ്തംബർ 20-ാം തീയതി കങ്കഴയിൽ ജനനം. പ്രാ ഥമിക വിദ്യാഭ്യാസം കൊന്നക്കുളം, കരിമ്പനക്കുളം, കറിക്കാട്ടൂർ എന്നിവി ടങ്ങളിലായി പൂർത്തിയാക്കി. മുത്തോ ലിയിൽ 2004 ജൂൺ 6 ന് യോഗാർത്ഥി ഭവനത്തിലൂടെ സഭാപ്രവേശനം. ബാം ഗ്ലൂർ ധർമ്മാരാം കോളേജിൽ ഫിലോസ ഫി, തിയോളജി പഠനങ്ങൾക്കുശേഷം 28.12.2018 ൽ ജഗദൽപൂർ രൂപതയുടെ മെത്രാൻ ജോസഫ് കൊല്ലംപറമ്പിൽ പി താവിൽ നിന്നും മണിമല ഹോളി മാഗി ദൈവാലയത്തിൽ വച്ച് പൗരോഹിത്യം സ്വീകരിക്കുകയും അന്നേദിനം സേക്ര ട്ട് ഹാർട്ട് പള്ളിയിൽ പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

'ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷി ക്കാനും അനേകരുടെ മോചനദ്രവ്യമാ യി സ്വജീവൻ കൊടുക്കാനും മനുഷ്യപു ത്രൻ വന്നിരിക്കുന്നതുപോലെ തന്നെ.' (മത്തായി 20:28).

ഈ വചനത്തെ ജീവിക്കുവാനാണ് ശുശ്രൂഷാ പൗരോഹിത്യത്തിലൂടെ ഞാ നാഗ്രഹിക്കുന്നത്. മറ്റുള്ളവർക്ക് കഴി യുന്ന നന്മകൾ ചെയ്തുകൊണ്ട് പൗ രോഹിത്യവും സന്യാസവും സംതൃപ് തിയോടെ ജീവിക്കുന്നതിലാണ് എന്റെ സന്തോഷം.

ചാവറപ്പിതാവിന്റെ ദർശനങ്ങളോട് ചേർന്ന് സി.എം.ഐ. സന്യാസസമൂഹ ത്തിൽ ജീവിക്കുവാൻ വിളിച്ചതിന് നല്ല ദൈവത്തിന് നന്ദി. ... സന്യാസ വൈ ദിക പരിശീലന വഴികളിൽ കരം പിടിച്ച് ഒപ്പം നിന്ന റെക്ടറച്ചന്മാർക്കും മാസ്റ്ററ ച്ചന്മാർക്കും പ്രൊവിൻഷ്യൽ അച്ചന്മാർ ക്കും സ്പിരിച്ചൽ ഡയറക്ടറച്ചന്മാർ ക്കും സി.എം.ഐ സഭയിലെ എന്റെ എല്ലാ കൂടപ്പിറപ്പുകൾക്കും നന്ദി... തു ടർന്നും പ്രാർത്ഥനയിലും കരുതലിലും ഒപ്പം ഉണ്ടാകണമേ.

പൗരോഹിത്യ ജീവിതത്തിന്റെ ആദ്യ നാളുകളിൽ ചങ്ങനാശ്ശേരി അതിരൂപത യിലെ മാടപ്പള്ളി ഇടവകയിലേക്കാണ് ഞാൻ അയക്കപ്പെട്ടത്. ദൈവകൃപയോ ടെ ഇടവകയിൽ ശുശ്രൂഷ ചെയ്യുവാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്ക ണമേ.



ഫാ. പോൾസൺ കൊച്ചുകണിയാംപറമ്പിൽ

എറണാകുളം അങ്കമാലി അതിരൂ പതയിലെ വൈക്കം സെന്റ് ജോസഫ് ഫൊറോനാ പള്ളി ഇടവകാംഗമായ

കൊച്ചുകണിയാംപറമ്പിൽ പരേത നായ ജോസഫിന്റെയും റോസമ്മയു ടെയും മകനായി 1987 നവംബർ 20-ാം തീയതി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാ സത്തിനുശേഷം 2004 ജൂണിൽ സഭാ പ്രവേശനം. ബാംഗ്ലൂർ ധർമ്മാരാം കോ ളേജിൽ ഫിലോസഫിയും പൂന JDV യിൽ തിയോളജി പഠനവും പൂർത്തി യാക്കി 27.12.2018 ൽ രാജ്ക്കോട്ട് രൂപത യുടെ മെത്രാൻ ജോസ് ചിറ്റൂപറമ്പിൽ പിതാവിൽ നിന്നും പാല സെന്റ് വിൻ സെന്റ് ആശ്രമ ദൈവാലയത്തിൽ വച്ച് പൗരോഹിത്യം സ്വീകരിക്കുകയും 29-ാം തീയതി ഇടവകപള്ളിയിൽ പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

'ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ചു വിളി ക്കപ്പെട്ടവർക്ക്, അവിടുന്നു സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെ ന്നു നമുക്കറിയാമല്ലോ.' (റോമാ 8:28).

ദൈവത്തിന്റെ കരുതലും സ്നേ ഹവും ഒത്തിരി അടുത്ത് അനുഭവിച്ച നിമിഷങ്ങൾ ആയിരുന്നു തിരുപ്പട്ട സ്വീ കരണത്തിന്റെ നിമിഷങ്ങൾ. അയോ ഗ്യതകളെ യോഗ്യതകളാക്കി മാറ്റുന്ന തമ്പുരാന്റെ സ്നേഹത്തിന്റെ മുമ്പിൽ ഒരു സ്നേഹ സാക്ഷ്യമായി ജീവി ക്കാനുള്ള കൃപയാചിക്കുന്നു. ഉള്ളുരു കി ആത്മാർത്ഥമായി പ്രാർത്ഥിക്കുന്ന ഒരുപാടു പുണ്യാത്മാക്കളുടെ പ്രാർത്ഥ നയുടെ ഫലമാണ് എന്റെ പൗരോഹി ത്യ ജീവിതത്തിലേയ്ക്കുള്ള വിളി എന്ന് തിരിച്ചറിയുമ്പോൾ അടിപതറാതെ നന്ദി നിറഞ്ഞ ഹൃദയത്തോടും നിർമ്മല മനഃ സാക്ഷിയോടും എളിമയോടും കൂടെ മിശിഹായുടെ കാസയും പീലാസയും എടുത്തുയർത്തി അവിടുത്തെ ജനത്തി ന്റെ നൊമ്പരങ്ങൾക്കും വേദനകൾക്കും പരിഹാരം ചെയ്യാൻ എന്നും എന്നെ യോഗ്യനാക്കണേ എന്ന് ആത്മാർത്ഥമാ യി ആഗ്രഹിച്ചു പ്രാർത്ഥിക്കുന്നു.

എന്റെ പൗരോഹിത്യ ജീവിതത്തിന്റെ ആദ്യ നാളുകൾ അജപാലന ശുശ്രൂഷ യ്ക്കായി ചങ്ങനാശ്ശേരി അതിരൂപത യിലെ പൂന്തോപ്പ് സെന്റ് ഫ്രാൻസിസ് അസ്സീസ്സി ദേവാലയത്തിലാണ് നിയോ ഗിക്കപ്പെട്ടിരിക്കുന്നത്. പൗരോഹിത്യ ജീവിതം നന്നായി ആരംഭിക്കാൻ നിങ്ങ ളുടെ വിലയേറിയ പ്രാർത്ഥനയിൽ എന്നെകൂടി അനുസ്മരിക്കണമേ.



ഫാ. റിജോ പുളിച്ചമാക്കൽ

പാല രൂപതയിലെ ഇടമറ്റം സെന്റ് മൈക്കിൾസ് പള്ളി ഇടവകാംഗമായ പു ളിച്ചമാക്കൽ ജോണിന്റെയും റീത്താമ്മ യുടെയും മകനായി 1990 ജനുവരി 9-ാം തീയതി പ്രവിത്താനത്ത് ജനിച്ചു. പ്രാ ഥമിക വിദ്യാഭ്യാസത്തിനുശേഷം 2005 ജൂൺ 7-ാം തീയതി മുത്തോലിയിൽ സഭാപ്രവേശനം. വാർദ്ധ ദർശന ഇൻ സ്റ്റിറ്റ്യൂട്ടിൽ ഫിലോസഫിയും, ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ തിയോളജി പ ഠനവും പൂർത്തിയാക്കി 27.12.2018 ൽ രാജ്ക്കോട്ട് രൂപതയുടെ മെത്രാൻ ജോ സ് ചിറ്റൂപറമ്പിൽ പിതാവിൽ നിന്നും പാല സെന്റ് വിൻസെന്റ് ആശ്രമ ദൈ വാലയത്തിൽ വച്ച് പൗരോഹിത്യം സ്വീകരിക്കുകയും 29-ാം തീയതി ഇട വകപള്ളിയിൽ പ്രഥമ ദിവ്യബലി അർ പ്പിക്കുകയും ചെയ്തു.

'എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് എല്ലാം ചെയ്യാൻ സാധിക്കും' (ഫിലിപ്പി. 4:13).

കുറവുകളും അയോഗ്യതകളും പരി

ഗണിക്കാതെ ദൈവകരുണയുടെ ഉപ കരണമാകുവാൻ കൈപിടിച്ചുയർത്ത പ്പെട്ടവനാണ് ഓരോ പുരോഹിതനും. ദൈവത്തിന്റെ വിളിയും തിരഞ്ഞെടു പ്പും എന്നും ഒരു അത്ഭുതമാണ്. ലോ കത്തിനു മുമ്പിൽ നിസ്സാരരായവരെ അവൻ വിളിക്കുന്നു. വിളിക്കുന്ന വ്യ ക്തികളെ ശക്തിപ്പെടുത്തുകയും വിശു ദ്ധീകരിക്കുകയും ചെയ്യുന്നു. ഓരോ പുരോഹിതനും മറ്റൊരു ക്രിസ്തുവാ കുവാൻ വിളിക്കപ്പെട്ടവനാണ്. മാറുന്ന ഇന്നത്തെ കാലഘട്ടത്തിൽ ക്രിസ്തുവാ കുന്ന ലക്ഷ്യത്തിലേക്ക് നടന്നടുക്കുക യെന്നതാണ് ദൈവവിളിക്കുള്ളിലെ വി ളിയും, വെല്ലുവിളിയും. ഞാനും എന്റെ ക്രിസ്തുവും തമ്മിലുള്ള ദൂരവും അന്ത രവും തിരിച്ചറിയുമ്പോളാണ് പൗരോ ഹിത്യ ജീവിത യാത്ര ക്രിസ്തുവാകുന്ന പൂർണ്ണതയിലേക്കെത്തിച്ചേരുക. ക്രിസ് തുവിലേക്ക് ആത്മാർത്ഥമായി അടുക്കു മ്പോൾ പൗലോസ് ശ്ലീഹായെപ്പോലെ നിരന്തരം ഉദ്ഘോഷിക്കുവാൻ സാധി ക്കും. ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനിമേൽ ഞാ നല്ല ക്രിസ്തുവാണ് എന്നിൽ ജീവിക്കു ന്നത് (ഗലാ. 2:20). എന്റെ പൗരോഹിത്യ ജീവിതത്തിന്റെ ആദ്യനാളുകൾ ദൈവ വചനപ്രഘോഷണത്തിനായി തലോർ ജറുസലെം ധ്യാനകേന്ദ്രത്തിലാണ് നിയോഗിക്കപ്പെട്ടിരിക്കുന്നത്. പൗ രോഹിത്യ ജീവിതം നന്നായി ആരംഭി ക്കുവാൻ നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും അനുസ്മരിക്കണമെ.

ഫാ. എമിൽ പുള്ളിക്കാട്ടിൽ സി.എം.ഐ

കോതമംഗലം രൂപതയിലെ തൊ മ്മൻകുത്ത് സെന്റ് തോമസ് പള്ളി ഇട വകാംഗമായ പുള്ളിക്കാട്ടിൽ ദേവസ്സി യുടെയും ലിസ്സിയുടെയും മകനായി 1988 ഡിസംബർ 25-ാം തീയതി എമിൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം 2004 ജൂണിൽ മുത്തോലിയിൽ



സഭാപ്രവേശനം. ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ ഫിലോസഫി, തിയോളജി പഠനങ്ങൾ പൂർത്തിയാക്കി 27.12.2018 ൽ രാജ്ക്കോട്ട് രൂപതയുടെ മെത്രാൻ ജോ സ് ചിറ്റൂപറമ്പിൽ പിതാവിൽ നിന്നും പാല സെന്റ് വിൻസെന്റ് ആശ്രമ ദൈ വാലയത്തിൽ വച്ച് പൗരോഹിത്യം സ്വീകരിക്കുകയും 29-ാം തീയതി ഇടവ കപള്ളിയിൽ പ്രഥമ ദിവ്യബലി അർപ്പി ക്കുകയും ചെയ്തു.

'അത്തി വൃക്ഷം പൂക്കുന്നില്ലെങ്കി ലും മുന്തിരിയിൽ ഫലങ്ങളില്ലെങ്കിലും ആട്ടിൻകൂട്ടം ആലയിൽ അറ്റുപോയാ ലും ഞാൻ കർത്താവിൻ ആനന്ദിക്കും' (ഹബക്കുക് 3:17).

അനുദിന ജീവിതത്തിലെ ഓരോ സംഭവങ്ങളിലും ദൈവകൃപകണ്ട് സ് നേഹത്തിലും ആനന്ദത്തിലും അതിനെ സ്വീകരിച്ചു ജീവിക്കുമ്പോഴാണല്ലോ സമർപ്പിത ജീവിതം അർത്ഥ പൂർണ മാവുക. ഈ ദൈവ പരിപാലനയുടെ മുഖം ലോകത്തിനു വെളിപ്പെടുത്തി കൊടുക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്നത് പൗരോഹിത്യ ധർമ്മത്തി ന്റെ മുഖ്യ പ്രമേയമായി ഞാൻ കരുതു ന്നു. സന്തോഷത്തിലും സന്താപത്തി ലും തമ്പുരാനിൽ സന്തോഷിക്കുവാനും വീഴുന്നവനെ വാക്കുകൊണ്ടു താങ്ങാ നും എനിക്ക് ഈ പൗരോഹിത്യ ജീവി തത്തിലൂടെ സാധിക്കണമല്ലോ.

പ്രിയമുള്ളവരെ ഇതെന്റെ പൗരോ ഹിത്യ സ്വപ്നങ്ങളാണ്. ഞാൻ ആഗ്ര

ഹിക്കുന്ന, സ്വപ്നം കാണുന്ന പുരോഹിതനാകുവാൻ എനിക്കിനിയും കഴിഞ്ഞിട്ടില്ല. ദൈവകരുണയെ ആശ്രയിച്ച് ഞാനിപ്പോഴും അതിനായുള്ള പരിശ്രമത്തിലാണ്.

ഈ സി.എം.ഐ. സുകൃതകൂടാരത്തിൽ എന്നെ പരിശീലിപ്പിച്ച, വഴിതെളിച്ചു തന്ന ഗുരുക്കൻമാരെ, മാതൃകയായ വൈദികരെ ഈ അവസരത്തിൽ നന്ദിയോടെ അനുസ്മരിക്കുന്നു. എന്റെ പൗരോഹിത്യ ജീവിതത്തിന്റെ ആദ്യനാളുകളിൽ ശുശ്രൂഷയ്ക്കായി അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിലാണ് നിയോഗിക്കപ്പെട്ടിരിക്കുന്നത്. എന്നും കൃപയിൽ ആയിരിക്കുവാൻ നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെക്കൂടെ ഓർക്കണമെ.

ഫാ. തോംസൺ കൂടപ്പാട്ട്

കാഞ്ഞിരപ്പള്ളി രൂപതയിലെ പൊടിമറ്റം സെന്റ് മേരിസ് പള്ളി ഇടവകാംഗമായ കൂടപ്പാട്ടു തോംസൺ, കൂടപ്പാട്ട് അപ്പച്ചന്റെയും മേരികുട്ടിയുടെയും മൂന്നാമത്തെ മകനായി 1988 ജൂലൈ 29-ാം തീയതി ജനിച്ചു. പ്ലസ് ടു പഠനത്തിനുശേഷം 2006 ജൂൺ 1 ന് മുത്തോലിയിൽ സഭാപ്രവേശനം. ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ ഫിലോസഫി, തിയോളജി പഠനങ്ങൾ പൂർത്തിയാക്കി, 6 മാസക്കാലം ചങ്ങനാശ്ശേരി അതിരൂപതയിലെ അതിരമ്പുഴ പള്ളിയിൽ സേവനം ചെയ്തു. തുടർന്ന് 27.12.2018 ൽ രാജ്ക്കോട്ട് രൂപതയുടെ മെത്രാൻ ജോസ് ചിറ്റൂപറമ്പിൽ പിതാവിന്റെ കൈവെപ്പു വഴി, പാല സെന്റ് വിൻസെന്റ് ആശ്രമ ദൈവാലയത്തിൽ വച്ച് വൈദിക പട്ടം സ്വീകരിക്കുകയും 31-ാം തീയതി ഇടവകപള്ളിയിൽ പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

'എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് എല്ലാം സാധിക്കും' (ഫിലിപ്പ് 4:13)

ചാവറയച്ചൻ തന്റെ ആത്മാനുതാപത്തിൽ ഇപ്രകാരം കുറിക്കുന്നുണ്ട്. 'ആയതിനെന്തു കാരണം ദൈവമേ ആദിഹീനനാം നിന്റെ ദയതന്നെ' ഞാൻ എന്തായിരിക്കുന്നുവോ അത് എന്നെ ശക്തനാക്കുന്നവന്റെ കരുണ ഒന്ന്കൊണ്ട് മാത്രമാണെന്ന് മനസ്സിലാക്കി ഞാൻ എന്റെ ദൈവത്തോട് നന്ദി പറയുന്നു. കുറവുകൾ പരിഗണിക്കാതെ അവിടുന്നാണ് എന്നെ വിളിച്ചത്. ചാവറ പിതാവിന്റെ ദർശനങ്ങളോട് ചേർന്ന് നിന്നുകൊണ്ട് സന്യാസ പരിശീലനത്തിന്റെ നാളുകളിൽ നല്ല മാതൃക നൽകിയ എല്ലാ വൈദികരേയും ഞാൻ നന്ദിയോടെ ഓർക്കുന്നു. എന്റെ പൗരോഹിത്യ ജീവിതത്തിന്റെ ആദ്യ നാളുകൾ ബഹു. ജോസ് പാറേക്കാട്ടിൽ അച്ചന്റെ കൂടെ പുളിയന്മല സെന്റ് അന്തോണീസ് ദേവാലയത്തിലും, നവദർശന ഡീ അഡിക്ഷൻ സെന്ററിലും ആണ് സേവനം ചെയ്യാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്. അനേകർക്ക് മാർഗ്ഗദീപമാകുവാൻ നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെ കൂടി ഓർക്കണമേ... നന്ദി.

നവവൈദികർക്ക് ആശംസകൾ

സഭാ വസ്ത്ര സ്വീകരണവും ആദ്യവ്രതവും

കോഴിക്കോട് സെന്റ് തോമസ് നൊവിഷ്യേറ്റ് ഹൗസിൽ നൊവിഷ്യേറ്റ് പരിശീലനം പൂർത്തിയാക്കിയ 18 കുഞ്ഞനുജന്മാർ ഡിസംബർ 8ന് സഭാ വസ്ത്ര സ്വീകരണവും ആദ്യവ്രത വാഗ്ദാനവും നടത്തി. നമ്മുടെ 9 സഹോദരങ്ങൾ – എബിൻ ജോർജ്ജ് ആലപ്പാട്ടുകുന്നേൽ, കെവിൻ ജോൺ എട്ടിയാകാട്ടിൽ, ക്രിസ്റ്റി കാഞ്ഞിരകാട്ടുകുന്നേൽ, ജീസൺ തോമസ് കപ്പിയാങ്കൽ, ഷാന്റോ തോമസ് മൈലാടൂർ, ഫെലിക്സ് സെബാസ്റ്റ്യൻ നെച്ചിക്കാട്ടിൽ, ജോസഫ് തോമസ് നെടുംപുരക്കൽ, അരുൺ ബാബു പുന്നതാനിയിൽ, ഗെർവാസിസ് റോണിച്ചൻ തുരുത്തിയിൽ – സഭാ വസ്ത്ര സ്വീകരണവും ആദ്യവ്രത വാഗ്ദാനവും പ്രൊവിൻഷ്യൽ ബഹു. സെബാസ്റ്റ്യൻ ഇലഞ്ഞിക്കൽ അച്ചന്റെ സാന്നിദ്ധ്യത്തിൽ ദേവഗിരി സെന്റ് ജോസഫ് ആശ്രമദേവാലയത്തിൽ നടത്തി. സമർപ്പണ ജീവിത വഴിയിൽ അവരെ പരിശീലിപ്പിച്ച നൊവീസ് മാസ്റ്റർ ബഹു. ജോർജ്ജ് കൊച്ചുവേലി അച്ചനും, ടീം അംഗങ്ങൾക്കും ഹൃദ്യമായ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. കുഞ്ഞനുജന്മാർക്ക് പ്രാർത്ഥനാശംസകളും അഭിനന്ദനങ്ങളും നേരുന്നു.

ഈ വർഷം ആദ്യ വ്രതം ചെയ്ത കോഴിക്കോട് മേരിക്കുന്ന് നവസന്ന്യാസ ഭവനത്തിലെ നമ്മുടെ 9 കുഞ്ഞനുജന്മാർ മൂന്നു ദിവസത്തെ പ്രൊവിശ്യാ സന്ദർശനത്തിനായി എത്തി. പ്രൊവിശ്യാഭവനത്തിൽ എത്തിയ അവർ കുര്യനാട്, മുത്തോലി, പൂഞ്ഞാർ എന്നീ മൈനർ സെമിനാരികളും, കപ്പാട് നവസന്യാസ ഭവനവും സന്ദർശിച്ചു. കുഞ്ഞനുജന്മാർക്ക് പ്രാർത്ഥനകളും ആശംസകളും.

പ്രാർത്ഥനാശംസകൾ

നിത്യവ്രതം: ഈ വർഷം നിത്യവ്രതാനുഷ്ഠാനത്തിന് എബിൻ പൂത്തേറ്റു പടവിൽ, അലക്സ് മുരിങ്ങയിൽ, ജിബിൻ കൂറ്റനാൽ, ജോസഫ് കുറിച്ചിയാപറമ്പിൽ, ജെസ്റ്റിൻ കാരുവേലിൽ, ദീപക് ഉഴുതുവൽ എന്നീ ആറു ശെമ്മാശന്മാരാണുള്ളത്. ഇവർ മെയ് 25-ാം തീയതി ശനിയാഴ്ച പാല സെന്റ് വിൻസന്റ് ആശ്രമദേവാലയത്തിൽ വച്ച് നിത്യവ്രതം അനുഷ്ഠിക്കുന്നു. പ്രാർത്ഥനാശംസകൾ.

ഡയക്കണേറ്റ്: പൂന പേപ്പൽ സെമിനാരിയിൽ മൂന്നാം വർഷം ദൈവശാസ്ത്രപഠനം നടത്തുന്ന ബഹു. ജെയിംസ് വേഴാമ്പുത്തോട്ടം ജനുവരി 27-ാം തിയതി മാർ ജോൺ വടക്കേൽ പിതാവിന്റെ കൈവെയ്പുവഴി ഡീക്കനായി അഭിഷിക്തനായി.

ധർമ്മാരാമിൽ പഠിക്കുന്ന അഗസ്റ്റിൻ മ്ലാവറയിൽ, ജോയ്സ് മടക്കക്കുഴി, നിക്സൺ ഏനാമറ്റം, ടോമി തെങ്ങുംപറമ്പിൽ എന്നിവർ അഭിവന്ദ്യ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പിതാവിൽ നിന്നും 2019 മാർച്ച് 26-ാം തിയതി ഡീക്കൻ പട്ടം സ്വീകരിക്കുന്നു.

സമന്വയ തിയോളജിക്കൽ സെന്ററിൽ പഠിക്കുന്ന പാറയിൽ ദീപു 2019 മാർച്ച് 31-ാം തിയതി അഭിവന്ദ്യ ജോസഫ് കൊല്ലംപറമ്പിൽ പിതാവിൽ നിന്നും ഡീക്കൻ പട്ടം സ്വീകരിക്കുന്നു. ഡീക്കൻ ബഹു. ജെയിംസിനും ഡീക്കൻ പട്ടത്തിനായി ഒരുങ്ങുന്ന ബ്രദേഴ്സിനും പ്രാർത്ഥനാശംസകൾ നേരുന്നു.

അഭിനന്ദനങ്ങൾ.....

സി.എം.ഐ. സഭ, സഭാംഗങ്ങൾക്ക് അവരുടെ ക്രിയാത്മകവും ഉത്തേജകവുമായ പ്രവർത്തനങ്ങൾക്ക് നല്കുന്ന 2018 ലെ അവാർഡ് നമ്മുടെ പ്രവിശ്യാംഗമായ **ബഹു. ജോസഫ് വലിയതാഴത്ത് അച്ചന്,** ആൽക്കഹോളിന് അടിമപ്പെട്ടവരുടെ പുനരധിവാസ മേഖലയിൽ നല്കിയ അദ്ദേഹത്തിന്റെ സേവനങ്ങൾക്ക് ലഭിച്ചിരിക്കുന്നു. സഭയുടെ ഫൗണ്ടേഷൻ ദിനമായ മെയ് 11-ാം തീയതി മാന്നാനം സെന്റ് ജോസഫ് മൊണാസ്ട്രിയിൽ വച്ച് അവാർഡ് നല്കപ്പെടും.

അനുസ്മരണാഘോഷം
ആത്മാവച്ചൻ

പുണ്യശ്ലോകനായ കണിയാരകത്ത് ബ്രൂണോ അച്ചന്റെ 27-ാം ചരമ വാർഷികം 2018 ഡിസംബർ 15-ാം തീയതി അനേകം വിശ്വാസികളുടെ സാന്നിദ്ധ്യത്തിൽ കുര്യനാട് സെന്റ് ആൻസ് ആശ്രമ ദൈവാലയത്തിൽ വച്ച് നടത്തപ്പെടുകയുണ്ടായി. ബഹു. അഗസ്റ്റ്യൻ കൂട്ടിയാനി അച്ചൻ മുഖ്യ കാർമ്മികനായിരുന്ന ദിവ്യബലിയിൽ പ്രൊവിൻഷ്യൽ കൗൺസിലർ ബഹു. ബോബി വടയാറ്റുകുന്നേൽ അച്ചനും, ബ്രൂണോ അച്ചന്റെ കുടുംബത്തിൽപ്പെട്ട ബഹു. ജോസഫ് കാഞ്ഞിരമറ്റത്തച്ചനും പ്രിയോർ ബഹു. സാജൻ തെക്കേമറ്റപ്പള്ളി അച്ചനും മറ്റു വൈദികരും സഹകാർമ്മികരായി. വിവിധ ആശ്രമങ്ങളിൽ നിന്നും അടുത്തുള്ള ഇടവക പള്ളികളിൽ നിന്നുമുള്ള വൈദികരുടെ സാന്നിദ്ധ്യം ബ്രൂണോ അച്ചന്റെ സ്മരണയ്ക്ക് മാറ്റ് കൂട്ടി.

ബഹു. അഗസ്റ്റ്യൻ കൂട്ടിയാനി അച്ചൻ ബ്രൂണോ അച്ചന്റെ പുണ്യപ്രവർത്തനങ്ങൾ അക്കമിട്ട് അവതരിപ്പിച്ചു. രാമപുരമെന്ന പുണ്യനാട് ജന്മം കൊടുത്ത ബ്രൂണോ അച്ചനും, വാഴ്ത്തപ്പെട്ട കുഞ്ഞച്ചനും സമകാലികരും സഹപാഠികളുമായിരുന്നു. ഈ രണ്ടു പുണ്യാത്മാക്കളും സമൂഹത്തിന്റെ നാനാകോണുകളിലേക്ക് വലിച്ചെറിയപ്പെട്ട പാവങ്ങളും ആലംബഹീനരും ആയ ആളുകളുടെ ആത്മീയ വിശപ്പടക്കാൻ അഹോരാത്രം അദ്ധ്വാനിച്ചവരാണ്. ബ്രൂണോ അച്ചൻ ശാരീരിക ബലംകൊ

ണ്ടോ, ശാരീരിക സൗന്ദര്യംകൊണ്ടോ അറിയപ്പെട്ട ആളായിരുന്നില്ലെന്നും, ആത്മാവിനെ സുന്ദരമാക്കാനുള്ള ശ്രമത്തിൽ ശരീരത്തെ പരിഗണിക്കാതെ ശരീരംക്ഷയിച്ച് ആത്മാവായിത്തീർന്നെന്നും, അങ്ങനെ നാട്ടുകാരുടെ പ്രിയപ്പെട്ട ആത്മാവച്ചനായിയെന്നും കുട്ടിയാനിയച്ചൻ തന്റെ വചനസന്ദേശത്തിൽ ഓർമ്മിപ്പിച്ചു. ജീവിതത്തിലധികസമയവും ദൈവാലയത്തിലും പാപസങ്കീർത്തനവേദികളിലും തന്നിലെ ആത്മീയചൈതന്യത്തെ മറ്റുള്ളവർക്ക് വച്ചു വിളമ്പാൻ വെമ്പൽകൊള്ളുന്ന ഹൃദയത്തോടു കൂടി ജീവിച്ച വ്യക്തിയാണ് ബ്രൂണോ അച്ചൻ എന്നും അദ്ദേഹം അനുസ്മരിച്ചു. തന്നിലെ ആത്മീയവെളിച്ചത്താൽ വരും തലമുറയെ ദർശിച്ച ബ്രൂണോ അച്ചൻ തന്നെ സമീപിച്ചവർക്കെല്ലാം നന്മയുടെയും സ്നേഹത്തിന്റേയും കൈത്തിരി ആകാൻ മറന്നില്ല.

വിശന്നിരിക്കുന്ന സഹോദരങ്ങളെയാണ് നാം അന്വേഷിക്കേണ്ടതെന്നും ആത്മീയവും ശാരീരികവുമായ വിശപ്പടക്കാൻ മറ്റുള്ളവരെ സഹായിക്കുമ്പോൾ അപ്പമായിത്തീർന്നവൻ നമുക്കരികിലുണ്ട് എന്ന തത്വചിന്തയുടെ പ്രേഷിതനും പ്രഘോഷകനുമായിരുന്നു ബ്രൂണോ അച്ചൻ.

ദിവ്യബലിക്കുശേഷം കുറവിലങ്ങാട് ആർച്ച് പ്രീസ്റ്റ് ബഹു. ജോസഫ് തടത്തിൽ ബ്രൂണോ അച്ചന്റെ ശവകുടീരത്തിൽ ഒപ്പീസ് പാടി പ്രാർത്ഥിച്ചു. ബ്രൂണോ അച്ചന്റെ മാധ്യസ്ഥത്താൽ വിവിധ രോഗങ്ങളിൽ നിന്നും മുക്തി പ്രാപിച്ചവരും മറ്റ് അനുഗ്രഹങ്ങൾ പ്രാപിച്ചവരുമായ ആളുകളുടെ സാക്ഷ്യങ്ങൾ അവിടെ കൂടിയിരുന്ന വിശ്വാസികൾക്ക് ബ്രൂണോ അച്ചനോട് പ്രാർത്ഥിക്കുവാൻ ഉത്തേജനം നല്കാൻ പോന്നവയായിരുന്നു. ബഹു. ബോബി വടയാറ്റുകുന്നേലച്ചൻ നേർച്ചഭക്ഷണം വെഞ്ചരിക്കുകയും എല്ലാവരും സന്തോഷത്തോടെ അതിൽ പങ്കുകൊള്ളുകയും ചെയ്തു.

അവാർഡുകൾ ... അഭിനന്ദനങ്ങൾ ... ആശംസകൾ...

തൃശൂരിലെ മേരിവിജയം സാഹിത്യസമിതി ദൈവശാസ്ത്ര ഗ്രന്ഥരചനയ്ക്കുള്ള 2018 ലെ മാർ ജോസഫ് കുണ്ടുകുളം അവാർഡ് ബഹു. തോമസ് കാടൻകാവിൽ അച്ചന് നവംബർ 24-ാം തീയതി തൃശൂരിൽ കേരള സാഹിത്യ അക്കാദമി ഹാളിൽ വച്ച് നല്കുകയുണ്ടായി.

San Mateo SubRegion, Peru

പെറുവിൽ 25 വർഷത്തോളം സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട ജോസഫ് തെക്കേവെട്ടക്കാട്ട് അച്ചന്റെ ചരമവാർത്ത പെറു മിഷനെ സങ്കടകടലിൽ ആഴ്ത്തി. ഡിസംബർ 26 ന് ലിമയിലെ San Benito ഇടവകയിൽവെച്ചു ലിമ സോണിൽ ജോലിചെയ്യുന്ന എല്ലാ സഭാംഗങ്ങളും ഒരുമിച്ചുകൂടുകയും ജോസഫ് അച്ചനുവേണ്ടി വലിയ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. ഡിസംബർ 28-ാം തീയതി ചോസിക്ക രൂപതാദ്ധ്യക്ഷൻ Bishop Norbert Strotmann ന്റെ മുഖ്യകാർമികത്വത്തിൽ ബഹു. ജോസഫ് തെക്കേവെട്ടക്കാട്ട് അച്ചന്റെ ആത്മശാന്തിക്കായി രൂപതയിലെ വികാരി എപ്പിസ്കോപ്പൽമാരും നമ്മുടെ സഭാംഗങ്ങളും, മറ്റ് ഇടവക വൈദീകരും, ഇന്ത്യയിൽനിന്നുള്ള വിൻസെൻഷ്യൻ വൈദീകരും, നമ്മുടെ മറ്റ് ഇടവകകളിൽ നിന്ന് വന്ന വിശ്വാസ സമൂഹവും ചേർന്ന് ദിവ്യബലി അർപ്പിച്ചുപ്രാർത്ഥിച്ചു. ജോസഫച്ചന്റെ വ്യക്തിത്വത്തെയും, സേവനമനോഭാവം, ലാളിത്യം, മിഷൻ ചൈതന്യം എന്നിവയേയും ഏവരും അനുസ്മരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി 2019 ജനുവരി 25 ന് ചോസിക്ക രൂപത സഹായ മെത്രാൻ Bishop Arturo Colgan ന്റെ നേതൃത്വത്തിലും ദിവ്യബലി അർപ്പിച്ചു.

നമ്മുടെ എല്ലാ ഇടവക പള്ളികളിലും ക്രിസ്മസിനോടനുബന്ധിച്ച് ക്രിസ്മസ് കരോൾ ഗാന മത്സരങ്ങളും കുട്ടികൾക്കും മുതിർന്നവർക്കും വേണ്ടി നിരവധിയായ പരിപാടികളും ക്രമീകരിക്കുകയും ചെയ്തു. നേതൃത്വം നൽകിയ എല്ലാ സഭാംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

പിയൂര ഇടവകയുടെ മധ്യസ്ഥനായ വിശുദ്ധ സിൽവെസ്റ്ററിന്റെ തിരുനാൾ 2018 ഡിസംബർ 30-ാം തീയതി ആഘോഷിച്ചു. ഭക്തി നിർഭരമായ ദിവ്യബലിയും പ്രദക്ഷിണവും സ്നേഹവിരുന്നും തിരുനാൾ ആഘോഷങ്ങൾക്ക് കൂടുതൽ മോടി പകർന്നു.

ചികിൽസാർത്ഥം നാട്ടിലേക്ക് വന്ന ബഹുമാനപ്പെട്ട ജെയിംസ് നെടുംപറമ്പിൽ അച്ചൻ പൂർണ്ണ ആരോഗ്യവാനായി പെറുവിലേക്ക് തിരിച്ചെത്തി.

അവധിക്കായി നാട്ടിൽ പോയിരുന്ന ബഹുമാനപ്പെട്ട ജോസ് പാലയ്ക്കലച്ചൻ തിരിച്ചെത്തി തന്റെ ഇടവകയിൽ അജപാലന ശുശ്രൂഷയിൽ മുഴുകിയിരിക്കുന്നു.

2019 ജനുവരി 3-ാം തീയതി വിശുദ്ധ ചാവറ പിതാവിന്റെ തിരുനാൾ നമ്മുടെ എല്ലാ ഇടവകകളിലും ഭക്തിപൂർവ്വം കൊണ്ടാടുകയും ചാവറയച്ചന്റെ വീക്ഷണത്തെക്കുറിച്ചും കുടുംബ സങ്കല്പത്തെക്കുറിച്ചും സെമിനാർ സംഘടിപ്പിക്കുകയും ചെയ്തു.

പെറുവിൽ ഇത് അവധിക്കാലം. കുട്ടികൾക്കുവേണ്ടി എല്ലാ ഇടവകകളിലും വിവിധങ്ങളായ പരിശീലന പരിപാടികൾ നടത്തപ്പെടുന്നു.

പെറുവിന്റെ സബ് റീജണൽ സൂപ്പീര്യറായി ഹൃദ്യമായ സേവനംചെയ്ത ബഹു. ജെയിംസ് നെടുംപറമ്പിൽ അച്ചനും, കൗൺസിലർമാരായിരുന്നബഹു. ഇമ്മാനുവേൽ ഞാവള്ളി, ജോർജ്ജ് വെള്ളരിങ്ങാട്ട്, ഓഡിറ്റർ ജോസ് പാലയ്ക്കൽ എന്നീ വൈദികർക്കും സ്നേഹോഷ്മളമായ നന്ദി അറിയിക്കുന്നു.

ബഹു. ബിനേഷ് കട്ടയ്ക്കനടയിൽ അച്ചന്റെ നേതൃത്വത്തിലുള്ള പുതിയ സാരഥികൾക്കു വിജയാശംസകൾ നേരുന്നു.

പെറുമിഷന്റെ പുതിയ ഭരണസമിതി അംഗങ്ങൾ

ബഹു. ബിനേഷ് കട്ടയ്ക്കനടയിൽ 'സബ് റീജനൽ സൂപ്പീര്യറായി' നിയോഗിയ്ക്കപ്പെട്ടു. അജപാലന-ദൈവവിളിവകുപ്പ് സെക്രട്ടറിയും അസിസ്റ്റന്റ് സുപ്പീര്യറുമായി ബഹു. ജോസഫ് അരീപ്ലാക്കൽ അച്ചനും, ബഹു. ജോർജ്ജ് വെള്ളരിങ്ങാട്ട് അച്ചൻ സാമ്പത്തിക കാര്യ സെക്രട്ടറിയായി ജോലി തുടരുന്നതായിരിക്കും. ഓഡിറ്ററായി ബഹു. സിജു വാക്കുവള്ളിൽ അച്ചനും നിയോഗിയ്ക്കപ്പെട്ടു. പുതിയ സബ് റീജനൽ ഭരണസമിതി അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ നേരുന്നു;

അജപാലന വകുപ്പ്

Department News

അനുദിന ദിവ്യകാരുണ്യ ആരാധന

ആഗോളതലത്തിലുള്ള നമ്മുടെ മിഷന്റെ പ്രവർത്തനങ്ങൾക്ക് ശക്തി പകരാനും ഈ രംഗത്തു പ്രവർത്തിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാനുമായി നമ്മുടെ സഭയിൽ അനുദിനം ഒരുമണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തപ്പെടുന്ന കാര്യം ബഹു. ജനറാളച്ചന്റെ കത്തിലൂടെ അറിഞ്ഞിരിക്കുമല്ലോ. അതിൻപ്രകാരം പ്രവിശ്യയിൽ ദിവ്യകാരുണ്യ ആരാധന നടത്തേണ്ടത് ഏപ്രിൽ 29 മുതൽ മെയ് 30 വരെയാണ്. ഈ ഒരുമണിക്കൂർ ദിവ്യകാരുണ്യ ആരാധന ഏറ്റം ഭക്തിയോടും താത്പര്യത്തോടും കൂടി നടത്തി മിഷ്യൻ ചൈതന്യം വളർത്തുവാനും പ്രത്യേകിച്ച് പ്രവിശ്യയുടെ പെറുമിഷനുവേണ്ടി പ്രാർത്ഥിക്കുവാനും എല്ലാവരും പരിശ്രമിക്കുമല്ലോ. നമ്മുടെ പ്രവിശ്യയ്ക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ക്രമം ചുവടെ ചേർക്കുന്നു:

2019 ഏപ്രിൽ 29 മുതൽ മെയ് 30 വരെ

29. പ്രൊവിൻഷ്യൽഹൗസ്, കോട്ടയം (തിങ്കൾ)
30. സൈക്കോവേൾഡ്, അണ്ണാടിവയൽ (ചൊവ്വ)
മെയ് 01 സെന്റ് പയസ് ആശ്രമം, അമനകര (ബുധൻ)
02. സെന്റ് ജോസഫ് ആശ്രമം, അറക്കുളം (വ്യാഴം)
03. സി.എം.ഐ. ആശ്രമം ബാംഗ്ലൂർ (വെള്ളി)
04. സെന്റ് ഡൊമിനിക് ആശ്രമം, ചക്കുപള്ളം (ശനി)
05. ചാവറ ആശ്രമം ഇടമറ്റം (ഞായർ)
06. മേരി ക്വീൻസ് ആശുപത്രി, പാലമ്പ്ര - കാഞ്ഞിരപ്പള്ളി (തിങ്കൾ)
07. പ്രശാന്ത്ഭവൻ, പാലമ്പ്ര - കാഞ്ഞിരപ്പള്ളി (ചൊവ്വ)
08. ദർശനാഭവൻ, കപ്പാട് (ബുധൻ)
09. സെന്റ് ജെയിംസ് ആശ്രമം, കരിക്കാട്ടൂർ (വ്യാഴം)
10. ചാവറ ആശ്രമം, കട്ടപ്പന (വെള്ളി)
11. മേരിഗിരി ആശ്രമം, കൂത്താട്ടുകുളം (ശനി)
12. ഗിരിജ്യോതി ആശ്രമം, കുമളി (ഞായർ)
13. സെന്റ് ആൻസ് ആശ്രമം, കുര്യനാട് (തിങ്കൾ)
14. സെന്റ് ആൻസ് ആസ്പിരൻസ് ഹൗസ്, കുര്യനാട് (ചൊവ്വ)
15. സെന്റ് ജോൺസ് ആശ്രമം, മുത്തോലി (ബുധൻ)
16. മേരി ക്വീൻസ് ആസ്പിരൻസ് ഹൗസ്, മുത്തോലി (വ്യാഴം)
17. സെന്റ് വിൻസെന്റ് ആശ്രമം, പാലാ (വെള്ളി)

18. ഗത്സെമൻ ആശ്രമം, പാലമ്പ്ര (ശനി)

19. മാർ തോമഭവൻ, പരപ്പ് (ഞായർ)

20. ലിറ്റിൽ ഫ്ളവർ ആശ്രമം, പൂഞ്ഞാർ (തിങ്കൾ)

21. ലിറ്റിൽ ഫ്ളവർ ആസ്പിരൻസ് ഹൗസ്, പൂഞ്ഞാർ (ചൊവ്വ)

22. സെന്റ് ആന്റണീസ് കാർമ്മൽ ആശ്രമം പുളിയന്മല (ബുധൻ)

23. സെന്റ് ആന്റണീസ് സി.എം.ഐ. ഭവൻ, പുതുപ്പള്ളി (വ്യാഴം)

24. അനുഗ്രഹ റിന്യൂവൽ സെന്റർ, വാഴൂർ (വെള്ളി)

25. സി.എം.ഐ. സേവാഗ്രാം, വെട്ടിമുകൾ (ശനി)

26. ജ്യോതിർ ഭവൻ, ചെത്തിമറ്റം (ഞായർ)

27. മേരി മാതാ സി.എം.ഐ. ഹൗസ്, തേനി (തിങ്കൾ)

28. സി.എം.ഐ. അൻപകം, പെരിയകുളം (ചൊവ്വ)

29. Parroquia San Benito, Lima, Peru (ബുധൻ)

30. Parroquia De Tingo, Araquipa, Peru (വ്യാഴം)

1. *സായാഹ്ന പ്രാർത്ഥനയ്ക്ക് മുമ്പായോ മറ്റൊരു സമയത്തോ ഒരുമണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തേണ്ടതാണ്.*
2. *ദിവ്യകാരുണ്യ സമൂഹത്തിന്റെ സഹകരണത്തോടെ ഭക്തിനിർഭരമായ രീതിയിൽ ആരാധന ക്രമീകരിക്കാവുന്നതാണ്.*
3. *ഭവനാംഗങ്ങൾ എല്ലാവരുടെയും സാന്നിധ്യം ആരാധനയുടെ സമയത്ത് ഉണ്ടായിരിക്കാൻ ശ്രദ്ധിക്കുമല്ലോ.*

നിയമാവലി ധ്യാനം (Constitution Retreat)

നമ്മുടെ സഭയിൽ 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിലായി നടക്കുവാൻ പോകുന്ന പൊതുസംഘത്തിനും, പ്രൊവിൻഷ്യൽ സംഘങ്ങൾക്കും മുന്നോടിയായി സഭാംഗങ്ങൾ എല്ലാവർക്കും 2019 ലെ വാർഷിക ധ്യാനം നമ്മുടെ നിയമാവലിയുടെ അടിസ്ഥാനത്തിൽ പ്രവിശ്യാതലത്തിൽ ക്രമീകരിക്കണമെന്ന് ബഹു. ജനറാളച്ചൻ നിർദ്ദേശിച്ചിരിക്കുന്ന വിവരം ഏവർക്കും അറിവുള്ളതാണല്ലോ. ധ്യാനത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി ഓരോ പ്രൊവിൻസിൽ നിന്നും പ്രത്യേകം നിയോഗിക്കപ്പെട്ടിരിക്കുന്ന ബഹു. അച്ചന്മാർ നാളുകളായി ഒരുങ്ങിതയ്യാറായികൊണ്ടിരിക്കുന്നു. ഇതനുസരിച്ചുള്ള പ്രവിശ്യയിലെ ടീംഅംഗങ്ങൾ, ബഹു. മാത്യു മാടയാങ്കൽ, ആന്റണി ഞള്ളംമ്പുഴ, ബോബി വടയാറ്റുകുന്നേൽ, ജിയോ കണ്ണംകുളം എന്നിവരാണ്. ധ്യാന ടീമിന്റെ നേതൃത്വത്തിൽ മൂന്നു ധ്യാനങ്ങളാണ് നമ്മുടെ പ്രവിശ്യാംഗങ്ങൾക്കായി ക്രമീകരിച്ചിരിക്കുന്നത്. അവയുടെ തീയതി ശ്രദ്ധിക്കുമല്ലോ:

(1) 2019 മാർച്ച് 31 മുതൽ ഏപ്രിൽ 6 വരെ, (2) മെയ് 19 മുതൽ 25 വരെ, (3) സെപ്റ്റംബർ 8 മുതൽ 14 വരെ, വാഴൂർ അനുഗ്രഹ റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടും. ആദ്യ ദിവസം വൈകുന്നേരം 6.00 മണിക്ക് ആരംഭിച്ച് അവസാന ദിവസം രാവിലെ ദിവ്യബലിയോടുകൂടി അവസാനിക്കുന്നു. ഈ മൂന്ന് ധ്യാനങ്ങളിൽ ഒന്നിൽ പ്രവശ്യാംഗങ്ങൾ എല്ലാവരും പങ്കെടുക്കേണ്ടതാണ്. അതിനുള്ള സൗകര്യാർത്ഥം പ്രവശ്യാംഗങ്ങളെ മൂന്ന് ബാച്ചായി തിരിച്ചുകൊണ്ടുള്ള ലിസ്റ്റ് താഴെ കൊടുക്കുന്നു.

അജപാലന വകുപ്പ്

ബാച്ച് - I : മാർച്ച് 31 – ഏപ്രിൽ 6, 2019

1. ഫാ. ഏർത്തയിൽ ജയിംസ്
2. ഫാ. ആനത്താരയ്ക്കൽ മാത്യു
3. ഫാ. അന്ത്യാംകുളം മാത്യു
4. ഫാ. ഐക്കരപ്പറമ്പിൽ ജോസ്കുട്ടി
5. ബ്രദർ ഇലഞ്ഞിപ്പുറം ജോസഫ് മാത്യു
6. ഫാ. കിഴക്കേമ്യാലിൽ സേവ്യർ
7. ഫാ. ആനിത്തോട്ടത്തിൽ ജോസഫ്
8. ഫാ. മടത്തുംമുറിയിൽ വാൾട്ടർ
9. ഫാ. മൂക്കംതടത്തിൽ ജോഷി
10. ഫാ. നടുവിലേത്തറയിൽ ഫിജി
11. ഫാ. നെടുങ്ങനാൽ ആൽബൻ
12. ഫാ. നീണ്ടുശ്ശേരി ജയിംസ്
13. ഫാ. പടിഞ്ഞാറേപീടിക ജോസ്കുട്ടി
14. ഫാ. പണിയ്ക്കാപറമ്പിൽ സിനു
15. ഫാ. പന്നിവേലിൽ സിറിയക്
16. ഫാ. പാത്രപാങ്കൽ ജോസഫ്
17. ഫാ. പെരികിലക്കാട് അബ്രാഹം
18. ഫാ. പുന്നത്തൂർ സാജു
19. ഫാ. പുതുശ്ശേരി തോമസ്
20. ഫാ. തണ്ണിപ്പാറ അലക്സ് ലൂയിസ് (Jr.)
21. ഫാ. തോക്കനാട്ട് ഇന്നസെന്റ്
22. ഫാ. തോട്ടുങ്കൽ ജോർജ്ജ്
23. ഫാ. വലിയമറ്റം ജോസ്
24. ഫാ. വയലിൽകളപ്പുര ജോർജ്ജ്
25. ഫാ. വഴനയ്ക്കൽ ജയിംസ്
26. ഫാ. ഇലവനാൽ അൽഫോൻസ്
27. ഫാ. കാരാംവേലിൽ റ്റോമി
28. ഫാ. കൊച്ചുമണ്ണൂർ വിനു
29. ഫാ. കോഴികൊത്തിക്കൽ ഡൊമിനിക്
30. ഫാ. മംഗലത്ത് ബിജോയി
31. ഫാ. മതിലകത്ത് തോമസ്
32. ഫാ. നടയ്ക്കൽ സഖറിയാസ്
33. ഫാ. നെച്ചിക്കാട്ടിൽ ഫിലിപ്പ്
34. ഫാ. നെടുംപറമ്പിൽ ജോസഫ് മാത്യു
35. ഫാ. ഓലിക്കൽ അനീഷ് സിറിയക്
36. ഫാ. പൈകട അലക്സാണ്ടർ
37. ഫാ. പഞ്ഞിക്കുന്നേൽ ജോസഫ്
38. ഫാ. പറയരുതോട്ടം ലൂക്കോസ്
39. ഫാ. പാട്ടത്തിൽ മാത്യു
40. ഫാ. പൊരിയത്ത് സണ്ണി
41. ഫാ. പുത്തൻകണ്ടം സെബാസ്റ്റ്യൻ
42. ഫാ. തടിയനാനിക്കൽ ജോഷി
43. ഫാ. തേക്കുങ്കൽ ജോസഫ് സിൽവസ്റ്റർ
44. ഫാ. തോണക്കരപ്പാറ ലൂക്കോസ്
45. ഫാ. വടക്കൻ ജോസഫ്
46. ഫാ. വലിയപറമ്പിൽ ലിബിൻ
47. ഫാ. വയലിൽകുന്നേൽ ജെയ്സ്
48. ഫാ. വെങ്ങാലുവക്കേൽ തോമസ്
49. ഫാ. കൂടപ്പാട്ട് തോംസൺ
50. ഫാ. മാടയാങ്കൽ മാത്യു

ബാച്ച് - II : മെയ് 19 – 25, 2019

1. ഫാ. ഇലഞ്ഞിക്കൽ സെബാസ്റ്റ്യൻ
2. ഫാ. ഏർത്തയിൽ ഈപ്പൻ
3. ഫാ. അക്കാട്ടുമുണ്ടക്കൽ സണ്ണി
4. ഫാ. ആയത്തമറ്റം ജോസഫ്
5. ഫാ. ഐക്കര തോമസ്
6. ഫാ. ചെമ്പകത്തുങ്കൽ സന്തോഷ്
7. ഫാ. ചക്കാലയിൽ വർക്കി
8. ഫാ. ചീരാംകുഴി മാത്യു
9. ഫാ. ചെല്ലിയിൽ സ്റ്റാൻലി
10. ഫാ. ഇടശ്ശേരിൽ ക്ലീറ്റസ്
11. ഫാ. നെടുമ്പാറ ജോസ്
12. ഫാ. കദളിക്കാട്ടിൽ ഫ്രാൻസീസ്
13. ഫാ. കടുകൻമാക്കൽ ജിനിഷ്
14. ഫാ. കളപ്പുരയ്ക്കൽ സഖറിയാസ്
15. ഫാ. കല്ലാമ്മാക്കൽ മാത്യു
16. ഫാ. കാഞ്ഞിരമറ്റം ജോസഫ്

17. ഫാ. കണിയാംപറമ്പിൽ ഫിലിപ്പ്
18. ഫാ. കട്ടക്കയം മാത്യു
19. ഫാ. കുറിച്ചിയാപറമ്പിൽ ഫെലിക്സ്
20. ഫാ. കുറ്റിക്കാട്ട് ജോസഫ്
21. ഫാ. മടുക്കയിൽ ജോഷി മാത്യു
22. ഫാ. മംഗലത്തുകരോട്ട് മാത്യു
23. ഫാ. മാമ്പുഴയ്ക്കൽ സെബാസ്റ്റ്യൻ
24. ഫാ. മഞ്ഞനാനിക്കൽ ജോസഫ്
25. ഫാ. മറ്റത്തിൽ ജോർജ്ജ്
26. ഫാ. കണ്ണൻകുളം ജിയോ
27. ഫാ. ഓണയാത്തുകുഴി മാത്യു
28. ഫാ. പടിഞ്ഞാറേപ്പറമ്പിൽ ജോസ് ആന്റണി
29. ഫാ. പന്തലാനിക്കൽ ജോൺസൺ
30. ഫാ. പന്തിരുവേലിൽ ജോമി
31. ഫാ. പാറേക്കാട്ട് ജോസ്
32. ഫാ. പൈങ്ങോട്ട് ചാൾസ്
33. ഫാ. പഴംചിറയിൽ ജസ്റ്റിൻ
34. ഫാ. പഴവീട്ടിൽ ലിജോ
35. ഫാ. പെരുമ്പള്ളിക്കുന്നേൽ കുര്യൻ
36. ഫാ. പൂത്തോട്ടാൽ മനോജ്
37. ഫാ. പൂവക്കുളം കുര്യാക്കോസ്
38. ഫാ. പൂവത്തിനാൽ ഇമ്മാനുവേൽ
39. ഫാ. പുല്ലുപറമ്പിൽ അർസേനിയൂസ്
40. ഫാ. പുതിയാപറമ്പിൽ അലോഷ്യസ്
41. ഫാ. പുതിയാത്ത് അബ്രാഹം
42. ഫാ. തണ്ണിപ്പാറ അലക്സ് (Sr.)
43. ഫാ. താന്നിയിൽ ജേക്കബ്
Visit to Vikas Vidyalaya : Loving and giving is the spirit of Christmas. To keep up this goodwill, the students of the Charity Club along with the Teachers-in-charge visited the special school, Vikas Vidyalaya, Kottayam on 19th December. Gifts were distributed and a variety entertainment programme was staged by the students. The students enjoyed being with them for the whole day.

Class program by LKG Quartz : An entertaining class programmme by LKG Quartz was performed on the North-western states – Punjab, Rajasthan, etc. Facts and traditions were introduced to the audience in a picturesque manner.

MARY MATHA MATRIC HIGHER SECONDARY SCHOOL, THENI

Annual Day Celebration : The Annual Day function of Mary Matha Matric School was organized on 12th January 2019. The function began at around 5 p.m. Mr. C. Gopinath, Vijay TV Anchor and Renowned journalist and Fr. Sebastian Elanjickal, Provincial, CMI St. Joseph Province, Kottayam were the chief guests. The Students greeted them through different folk dances as they were marching to the dias. On this occasion the school Head Boy delivered the welcome

speech to there was prize distribution for all achievers The students put up a commentable cultural programmes reflecting moral and cultural values. At the end the hounourable guest applunded the school for its all round success and wished a better future for the students. This was followed by national anthem and thus the celebration ended.

Republic Day Celebration : Mary Matha Matric Hr.Sec. School celebrated the memories of being a republican country, on Republic Day this year. Mr. Saravana Daivendran S (Cricle Inspector), Allinagaram. hoisted the National Flag and accepted the guard of honour on this day. The chief guest touched everyones heart by his inspiring speech. The celebration ended with the spirit of patriotism.

Festival of Lights : Students of Mary Matha Matric. Hr. Sec. School, unfolded their creative ability in a string of activities with much enthusiasm and excitement. A series of cultural programmes was staged for a better entertainment. Children made beautiful rangolis and enjoyed bursting eco-friendly crackers. This festival of lights brought everyone united and made everyone happy.

Birthday celebration of Rev. Fr. Joshy: Mary Matha Matric.Hr.Sec.School has lot to rejoice over the 55th birthday celebration of Fr. Joshy the Correspondent. Being a recognised priest in the Province, he celebrated his 55th birthday on 27th Nov, 2018 for the first time in the campus. From dawn to dusk the entire campus wore a festive look. At a special common assembly in the morning organised in connection with the celebration, the representatives from all the classes from the school felicitated him and offered him bouquets to mark our appreciation for his unflinching loyalty to the gospel values.

Children's Day Celebration : On 14th November, all the tiny lots and budding stars of Mary Matha Matric. Hr. Sec. School celebrated the much awaited event, 'Children's Day with unbridled joy and much fanfare. A day full of festivity tansported the children to the wonderland of undiminished happiness. Amidst exuberant games and frolics, the children squealed with delight when they excitedly watched the sequential dance performances by their favourite teachers. Fr.Joshy Mathew CMI, the Correspondent with his administrative team graced the occasion with their graceful presence.

Nurturing and fostering : Our School organised PTA for the Classes from IX to XII on 26th & 27th October 2018 respectively. The main objective of the meeting was to create a common platform where teachers and parents come together to discuss student's performance. Fr. Burney along with his teachers briefed the parents about their academic progress and identified the areas of strength and weakness of the child and sorted out ways to boost the child's performance.

A Day of Enlightenment : "Knowledge knows no bounds" Yes, it is true. Therefore our school took efforts to inculcate the habit of reading among the children by conducting a three-day book fair involving various publishers. It brought a good effect in students. On 29th Nov, 2018 we celebrated the Library Day. Dr. Aruna Devaraj was the Chief Guest and gave an exemplary motivational speech.

Journey to Lap of Nature : The Management vigorously planned to have a dayout to a nearby picnic spot. Students from Class XII paid a valuable visit to Meenachiamman Temple, Gandhi Museum and Alagar Kovil in Madurai. Students from class XI visitied Kodaikanal. Laugh

& fun had been verymuch felt at Bryant Park, Silver water fall and Sacred Heart College Museum. The School Management took teachers to Alapy in Kerala on 17th November, 2018 to relax and refresh as well as to build a rapport among them.

Enriching the Educators : Teachers should be lifelong learners to extend their sphere of influence beyond the classroom activities. With this intention, the school management arranged a one day orientation programme on 21st November, 2018 for all the co-ordinators and the class teachers on the topic "The Heart of Leadership." Rev.Fr.Sebastian Elanjickal CMI, the Provinicial Introduced the resource persons.

Ecstasy found in Charity : A quite good number of students with few teachers from Mary Matha Matric and CBSE schools went with Fr.Jomy, the Director of CBSE School to pay a Christmas Visit to RTU (Reaching the Unreached) on 15th December, 2018. Our students arranged entertainment with those children and expressed their love and concern by offering them stationery items and Rs. 25,000 by cash.

Christmas Celebration : Christmas, which marks the birth of Jesus Christ, was celebrated in a grand manner in Mary Matha Campus on 22nd Dec. 2018. The whole school campus was colourfully decorated and illuminated. It wore a festive atmosphere with stars lit up high, cribs highlighting the nativity scene of Christ's birth found a place in almost all classrooms in the school. The Chritmas celebration commenced in the presence of Bro.Dr.Mathalaimuthu the Chief Guest who delivered the Christmas message at the event which was presided over by our correspondent. Kindergarten children dressed as angels presented a dance with around 150 Santa clauses, followed by carol singing. A special gathering was organised for staff both teaching and non-teaching along with their spouse to share the joy of Christmas gifts and greetings. The celebration came to a happy end with a delicious dinner for all.

Foundation stone laying Ceremony : The foundations stone laying ceremony for the extension of Mary Matha Matric. Hr. Sec. School was held on 11 January 2019. The foundation stone was laid by Rev. Fr. Sebastian Elanjickal CMI, The Provincial of St. Joseph Province, Kottayam, amidst the presence of Fr. Bobby Vadayattukunnel CMI, the Councillor for Finance, Fr. Joshy Mathew Thadiyananickal CMI, the Correspondent of Mary Matha Group of Schools, CMI Priests and teachers. This new building would minimize the congestion that the school faces and allow more children to have access to a Higher Secondary School education. Fr. Burney Tharappel CMI the Vice Principal gracefully proposed the vote of thanks.

MARY MATHA CMI PUBLIC SCHOOL, THENI

Maria Fest : A two day cultural and Art festival called "Maria Fest", a unique cultural talent show was held on 26th & 27th October 2018. The two days cultural carnival and artistic sojourn reverberated the rhythm of dance, music, fire brand orations, qualitative Kural recitation, soul rending songs, fabulous fancy dress, Food carnival, Art gallery and much more. The entire campus was buzzed with activities ranging from literature to all art forms.

Diwali Celebration : To celebrate the new beginning and the triumph of good over evil and light over darkness, we had Diwali celebration on 3rd November 2018. There were programmes like Dance, Speech, Video presentation, AD Buzz performed by our students. The students brought sweets and shared with one another and made it a meaningful Diwali.

Children's Day Celebration : To increase awareness, of the rights care and education of children, it is celebrated on 14th November every year as Children's Day. The children were squealed with delight when they excitedly watched the sequential dance performances by their teachers. Fr. Joshy Mathew CMI, the correspondent graced the occasion.

Marian Expo'18 : We are indeed happy to share that our students got a right platform to show what they had learned and what they are good at in the intra-school exhibition Marian Expo'18 which was conducted on 13th November, 2018. Rev. Fr. Joshy Mathew CMI, the Correspondent inaugurated the programme.

A trip to Kanyakumari : The students from IX & X were taken to Kanyakumari on 23rd of November for a one day picnic. Students as well as the teachers enjoyed the day.

Students' and teachers' Orientation Programme : Mary Matha CMI Public School gives special emphasis to the holistic development of the students for which a workshop was conducted on 7th December 2018, by Rev. Dr. Arul Raja SDB, Principal, St. Mary College of Education, Vellore. A one day orientation programme was conducted for the teachers on 8, December.

A Visit to RTU(Reaching the Unreached) : Some of the students from our school visited RTU (Reaching the Unreached), a children's home founded by late Rev. Bro. James Kipton, in Dindigul, on15th December 2018. We expressed our love and concern for them by sharing with them some fruitful time, stationery materials that we collected from our students and handed over Rs. 20,000/- by cash. Thus our students were able to celebrate Christmas meaningfully.



KRISTU JAYANTI SCHOOL AT NILAMANGALA, BANGALORE

Construction of the school building is in fast mode under the direction and guidance of Fr. Som Vechoor and Fr. Lijo Pazhaveettil. First floor moulding of the school building is already completed. The Application for the sanction of the school (CBSE syllabus) has been submitted to the government and approval is awaited.

ദർശന സാംസ്കാരിക കേന്ദ്രം കോട്ടയം

ദർശന അന്താരാഷ്ട്ര പുസ്തക മേള : 35-ാമത് ദർശന അന്താരാഷ്ട്ര പുസ്തകമേള 2018 നവംബർ 30 മുതൽ ഡിസംബർ 9 വരെയുള്ള ദിവസങ്ങളിൽ നടത്തപ്പെട്ടു. 120-ാളം സ്റ്റോളുകളും 100-ൽപരം പ്രസാധകരും പങ്കെടുത്തു. പുസ്തകമേളയിൽനിന്നും കോളേജ് ലൈബ്രറികൾ, സ്കൂൾ ലൈബ്രറികൾ, വിവിധ വായനശാലകൾ എന്നിവിടങ്ങളിലേക്ക് നിരവധി പുസ്തകങ്ങൾ വാങ്ങുകയും മേളയിൽ ധാരാളം സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ പങ്കെടുക്കുകയും ചെയ്തു. കോട്ടയം ജില്ലയിലെ വിവിധ സ്കൂളുകൾ സംഘടിപ്പിച്ച പുസ്തകമേളയിയിലേക്കുള്ള വായനായാത്ര ഏറെ ഫലപ്രദമായി. കുട്ടികളിൽ വായനശീലം വളർത്തുന്നതിനും വൈവിധ്യമാർന്ന പുസ്തക ശേഖരസന്ദർശനം കുട്ടികളിൽ പുതുമ നിറയ്ക്കാൻ കഴിഞ്ഞുവെന്നും അദ്ധ്യാപകർ അഭിപ്രായപ്പെട്ടു.

ദർശന പുസ്തകമേളയിലെ ബുക് ഫെയർ അവാർഡുകൾ കെ. സുരേഷ് കുറുപ്പ് എം.എൽ.എ. വിതരണം ചെയ്തു. ഫാ. തോമസ് മതിലകത്ത് സി.എം.ഐ. അദ്ധ്യക്ഷത വഹിച്ചു. ജെ.ജി. പാലയ്ക്കലോടി, ടോമി കല്ലാനി, ജി. ശ്രീകുമാർ എന്നിവർ പ്രസംഗിച്ചു. തുടർന്ന് കലാസന്ധ്യയിൽ അസോവ മ്യൂസിക്സ്, കാഞ്ഞിരപ്പള്ളിയുടെ കരോക്കേ ഗാനമേള അവതരിപ്പിച്ചു.

പത്തു ദിവസം നീണ്ടുനിന്ന പുസ്തകമേളയുടെ സമാപന സമ്മേളനം കെ. എം. മാണി എം.എൽ.എ. ഉദ്ഘാടനം ചെയ്തു. പുസ്തകങ്ങളിലൂടെ കിട്ടുന്ന ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് എല്ലാമേഖലയിലുമുള്ള നാളത്തെ നേ

താക്കന്മാർ ഉണ്ടാകേണ്ടത് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. എം. ജി. യൂണിവേഴ്സിറ്റി രജിസ്ട്രാർ എം. ആർ. ഉണ്ണി അധ്യക്ഷത വഹിച്ചു. കെ. എം. മാണി എം.എൽ.എ. അവാർഡുകൾ വിതരണം ചെയ്തു.ഏബ്രഹാം കുര്യൻ, അഡ്വ. കെ. അനിൽകുമാർ, ഫാ. ബോബി വടയാറ്റുകുന്നേൽ സി.എം.ഐ, ഫാ. ജസ്റ്റിൻ കാളിയാനിയിൽ സിഎംഐ, ജേക്കബ് പണിക്കർ തുടങ്ങിയവർ സംസാരിച്ചു.

പുസ്തക പ്രേമികളും പ്രസാധകരും എഴുത്തുകാരും സാഹിത്യ-കലാ ആസ്വാദകരും ഒരു കുടക്കീഴിൽ അണിനിരന്ന പുസ്തകമേള ഒരു സാംസ്കാരിക ഉത്സവമായി മാറി എന്ന് ദർശന സാസ്കാരിക കേന്ദ്രം ഡയറക്ടർ ഫാ. ജസ്റ്റിൻ കാളിയാനിൽ അറിയിച്ചു.

കോട്ടയം ലിറ്റററി ഫെസ്റ്റിവൽ : ദർശന അന്താരാഷ്ട്ര പുസ്തകമേളയോടനുബന്ധിച്ച് നടത്തിയ പ്രഥമ കോട്ടയം ലിറ്റററി ഫെസ്റ്റിവൽ ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജീവിതത്തിലെ

അനുഭവങ്ങളും അറിവുകളുമാണ് തന്റെ സിനിമയോട് നീതി പുലർത്തുന്ന മുഖ്യഘടകമെന്ന് അദ്ദേഹം പറഞ്ഞു. ഏതെങ്കിലും എഴുത്തുകാരന്റെ കഥ ഇഷ്ടപ്പെട്ടതുകൊണ്ട് അതിനോട് നീതി പുലർത്തണമെന്ന കാഴ്ചപ്പാടുമില്ല. ആരുടെയെങ്കിലും അഭിപ്രായങ്ങളും നിരൂപണങ്ങളും ഒരു വെല്ലുവിളിയുമല്ല. എനിക്ക് എന്നോടുതന്നെയാണ് വെല്ലുവിളി - അടൂർ പറഞ്ഞു.

ബാല്യകാലത്തെ നാടകാനുഭവങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് അടുത്ത തന്റെ സിനിമയെന്ന് അടൂർ പറഞ്ഞു. കഥാകൃത്ത് ജോൺ സാമുവൽ സംവാദത്തിന് നേതൃത്വം നൽകി. ജോൺ സാമുവലിന്റെ കൂട്ടം തെറ്റിയ കാഴ്ചകൾ അടൂർ പ്രകാശിപ്പിച്ചു. ഡോ. പോൾ മണലിൽ, പ്രൊഫ. തോമസ് കുരുവിള എന്നിവർ പ്രസംഗിച്ചു.

'അക്ഷരസംസ്കൃതി' - വരും തലമുറയ്ക്കുള്ള വായനാപ്രചാരണവാരം അഡ്വ. വി.ബി. ബിനു ഉദ്ഘാടനം ചെയ്തു. കാർട്ടൂണിസ്റ്റ് രാജു നായർ അധ്യക്ഷത വഹിച്ചു. തുടർന്ന് നഴ്സറി കുട്ടികളുടെ കലാമേളയും കുട്ടികൾക്ക് കാർട്ടൂൺ കളരിയും വരയരങ്ങും നടത്തി. കാർട്ടൂണിസ്റ്റ് രാജു നായർ, പ്രസന്നൻ ആനിക്കാട്, അനിൽ വേഗ, ഇ.പി. പീറ്റർ എന്നിവർ പങ്കെടുത്തു. 'എന്റെ കഥ എന്റെ എഴുത്തിൽ' എന്ന കഥ ശ്രീ അശോകൻ ചെരുവിൽ അവതരിപ്പിച്ചു. എ വി ശ്രീകുമാർ അധ്യക്ഷത വഹിച്ചു.

ശ്രീ. ബി. ശശികുമാർ അദ്ധ്യക്ഷത വഹിച്ച 'ദേശവും ഭാഷയും' എന്ന സെമിനാറിൽ ശ്രീ മനോജ് കുറൂർ മുഖ്യപ്രഭാഷണം നടത്തി. ഉച്ചയ്ക്കുശേഷം നടന്ന 'ജീവിത അനുഭവം യാത്ര' എന്ന ചർച്ചാ സമ്മേളനം ശ്രീ സന്തോഷ് ജോർജ്ജ് ഉദ്ഘാടനം ചെയ്തു. ശ്രീ ആർ ഓമനക്കുട്ടൻ മുഖ്യപ്രഭാഷണം നടത്തി.

●

കാർഷിക - സാമ്പത്തിക വിഭാഗം

വാർഷിക ബഡ്ജറ്റ് : നമ്മുടെ നിയമാവലിയിൽ (Ref. D. 226 a, b, c, d) പറഞ്ഞിരിക്കുന്നതനുസരിച്ച് നമ്മുടെ ആശ്രമങ്ങളുടെയും സ്ഥാപനങ്ങളുടെയും നടപ്പു സാമ്പത്തിക വർഷം (2018-2019) ജനുവരി 31 വരെയുള്ള കണക്കും, 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റും മാർച്ച് 15 നു മുമ്പായി തയ്യാറാക്കി പ്രൊവിൻഷ്യൽ കൗൺസിലിൽ സമർപ്പിക്കണമെന്ന് അറിയിക്കുന്നു.

നമ്മുടെ നിയമാവലിയിലെ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന നമ്പറുകളുടെ വെളിച്ചത്തിൽ ചുമതലപ്പെട്ടവർ കോളേജുകളുടെയും, സ്കൂളുകളുടേയും മറ്റു സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും കണക്കും ബഡ്ജറ്റും തയ്യാറാക്കേണ്ടതാണ്.

ബഡ്ജറ്റു തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

1. മുൻ വർഷത്തെ (2018-19, ജനുവരി 31) കാഷ് ബാലൻസ്, ബാങ്ക് ബാലൻസ് എന്നിവ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണം.
2. ബാങ്ക് ലോൺ, മറ്റുബാദ്ധ്യതകൾ എന്നിവയുടെ ലിസ്റ്റ് പ്രത്യേകമായി കാണിക്കേണ്ടതാണ്.
3. 2019-20 സാമ്പത്തിക വർഷം നടത്തുവാനുദ്ദേശിക്കുന്ന എല്ലാ പദ്ധതികളും ബഡ്ജറ്റിൽ ചേർക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള പുതിയ പദ്ധതികളുടെ പ്ലാനും, എസ്റ്റിമേറ്റും ആവശ്യമായ രേഖകളും യഥാസമയം പ്രവിശ്യാകൗൺസിലിൽ സമർപ്പിച്ച് പ്രത്യേകം അനുവാദം വാങ്ങിക്കേണ്ടതാണ്.
4. വരുമാനത്തിന്റെ 10% സാമൂഹിക സേവന പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കേണ്ടതും, അതിൽ 5% പ്രവിശ്യയുടെ സാമൂഹിക സേവന ഫണ്ടിലേയ്ക്കു നീക്കിവയ്ക്കേണ്ടതുമാണ്.
5. ശബളം ഒഴികെയുള്ള വരുമാനത്തിന്റെ 5% പ്രവിശ്യാ ഫണ്ടിലേക്ക് (സെൻട്രൽ പൂളിംങ്ങ്) നീക്കിവയ്ക്കണം.
6. ബഡ്ജറ്റ് ഉത്തരവാദിത്തപ്പെട്ട സംഘത്തിൽ പാസ്സാക്കി. ശ്രേഷ്ഠനും, സെക്രട്ടറി/കൗൺസിലർമാരിലൊരാളും ഒപ്പുവയ്ക്കേണ്ടതാണ്. ബന്ധപ്പെട്ടവരുടെ ഒപ്പില്ലാത്ത ബഡ്ജറ്റ് പരിഗണിക്കുന്നതല്ല.
7. ബഡ്ജറ്റിന്റെ 3 കോപ്പികൾ സമയത്തുതന്നെ പ്രവിശ്യാഭവനത്തിൽ എത്തിക്കുവാൻ എല്ലാ സ്ഥാപനഅധികാരികളും ശ്രദ്ധിക്കണം.

വാർത്തകൾ വിശേഷങ്ങൾ

പ്രൊവിൻഷ്യൽ ഹൗസ്, കോട്ടയം

ബഹു. ജോബിൻ തയ്യിൽ അച്ചൻ മൂലമറ്റം സെന്റ് ജോസഫ് ആശ്രമത്തിൽ നിന്നും പ്രവിശ്യാഭവനത്തിൽ എത്തിച്ചേരുകയും ഉപരിപഠനാർത്ഥം ബാംഗളൂർക്ക് പോവുകയും ധർമ്മാരാമിൽ പഠനം ആരംഭിക്കുകയും ചെയ്തു. ബഹു. ലിബിൻ വലിയപറമ്പിൽ അച്ചൻ പ്രവിശ്യാഭവനത്തിൽ നിന്നും മൂലമറ്റം സെന്റ് ജോസഫ് ആശ്രമത്തിൽ എത്തിച്ചേരുകയും കോളേജിന്റെ ബർസാർ ആയി ജോലി ആരംഭിക്കുകയും ചെയ്തു. രണ്ടു പേർക്കും പ്രൊവിൻഷ്യൽ ഹൗസ് കമ്മ്യൂണിറ്റി ഉചിതമായ യാത്ര അയപ്പും സ്വീകരണവും നല്കി.

അവധിക്കാലം : അവധിക്കാലം ചെലവഴിക്കുന്നതിനും സൗഹൃദം പങ്കിടുന്നതിനുമായി വിദേശത്തുനിന്നും നമ്മുടെ പ്രവിശ്യാംഗങ്ങൾ പ്രവിശ്യഭവനത്തിൽ എത്തിയിരുന്നു. ആനപ്പാറ ജോണി, മാത്യു തയ്യിൽ, ലൂക്കോസ് വള്ളിക്കാട്ടുകുഴി, ജോസ്മോൻ മഞ്ഞകാലായിൽ, മാണി കുഴികണ്ടത്തിൽ, ലാനിത്തോട്ടം ജോയ്സ് എന്നിവർ ജർമ്മനിയിൽ നിന്നും, ജെയിംസ് നെടുംപറമ്പിൽ, ജിനോ കാഞ്ഞിരത്തിങ്കൽ, കുര്യൻ വെള്ളരിങ്ങാട്ട്, സ്കറിയ കുമാരമംഗലം എന്നിവർ പെറുവിൽ നിന്ന് എത്തിച്ചേർന്നു. എല്ലാവർക്കും ഹൃദ്യമായ സ്വാഗതം നൽകി.

തിരുനാൾ ആശംസകൾ : പ്രൊവിൻഷ്യൽ ബഹു. സെബാസ്റ്റ്യൻ ഇലഞ്ഞിക്കൽ അച്ചന്റെ നാമഹേതുക തിരുന്നാളും, നമ്മുടെ പ്രവിശ്യയിലെ നവവൈദികർക്കുള്ള സ്വീകരണവും സംയുക്തമായി ജനുവരി 19-ാം തിയതി പ്രവിശ്യാഭവനത്തിൽ വച്ച് ബഹു. കൗൺസിലേഴ്സിന്റെയും സുപ്പീരിയേഴ്സിന്റെയും സാന്നിധ്യത്തിൽ ആഘോഷിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

ബഹു. നവവൈദികർ പ്രവിശ്യാഭവനത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് ദൈവത്തിന് നന്ദി പറഞ്ഞു. അവർ പുതിയ കർമ്മമണ്ഡലങ്ങളിലേയ്ക്ക് യാത്രയായി.

Founders Day : നമ്മുടെ സഭാ പിതാവായ വി.ചാവറപിതാവിന്റെ ജന്മദിനമായ ഫെബ്രുവരി 10-ാം തിയതി പ്രവിശ്യാഭവനത്തിൽ നാം Founders Day ആഘോഷിച്ചു. നമ്മുടെ ഭവനത്തിന്റെ അടുത്തുള്ള ആശ്രമങ്ങളിൽ നിന്നും

മഠങ്ങളിൽ നിന്നുമുള്ള വൈദികരും, സിസ്റ്റേഴ്സും തദവസരത്തിൽ സന്നിഹിതരായിരുന്നു. ബഹു. ജിൽസൺ നെടുമരുതുംചാലിൽ സി.എം.ഐ. അച്ചൻ 'ചാവറയച്ചൻ നവോദ്ധാനനായകൻ' എന്ന വിഷയത്തെപ്പറ്റി സംസാരിച്ചു. കോട്ടയം എം.എൽ.എ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മുൻ എം.എൽ.എ. ശ്രീ. വി.എൻ. വാസവനും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

സെന്റ് ജോസഫ് ആശ്രമം, അറക്കുളം

വി.ചാവറപിതാവിന്റെ ജന്മദിനത്തോടനുബന്ധിച്ച് ചാവറ ദിനാചരണവും, നമ്മുടെ കോളേജ് അഭിമാനകരമായി NAAC 'A' Grade കരസ്ഥമാക്കിയതിന് നന്ദിയും പ്രകാശിപ്പിച്ച് സംയുക്ത സമ്മേളനം സംഘടിപ്പിച്ചു. ആശ്രമത്തിന്റെ സമീപസ്ഥ ഇടവകകളിൽ നിന്ന് ബഹുമാനപ്പെട്ട വൈദികരും, സന്യസ്തരും, പ്രസ്തുത കൂട്ടായ്മയിലും, പ്രാർത്ഥനയിലും തുടർന്നുള്ള സ്നേഹവിരുന്നിലും പങ്കു ചേർന്നു.

മൂലമറ്റം സെന്റ് ജോസഫ് കോളേജിന്റെ പുതിയ ബർസാറായി ബഹു. ലിബിൻ വലിയപറമ്പിലച്ചൻ ചുമതലയേറ്റെടുത്തു. അച്ചന് ആശ്രമത്തിലേക്ക് സ്നേഹപൂർവ്വം സ്വാഗതം.

മൂന്നു വർഷത്തോളം സെന്റ് ജോസഫ് കോളേജിന്റെ ബർസാറായി സ്തുത്യർഹ സേവനമനുഷ്ഠിച്ച ബഹു. ജോബിൻ തയ്യിൽ അച്ചൻ ബൈബിളിൽ ഉപരിപഠനത്തിനായി ബാംഗ്ലൂർ ധർമ്മാരാം കോളേജിലേക്ക് യാത്രയായി. അച്ചന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

കോട്ടയം സെന്റ് ജോസഫ് പ്രവിശ്യയുടെ കീഴിലുള്ള രണ്ട് വിദ്യാഭ്യാസസ്ഥാപനങ്ങളായ, സെന്റ് ജോസഫ് കോളേജിന്റെയും, സെന്റ് ജോസഫ് അക്കാദമിയുടെയും പ്രവർത്തനങ്ങൾക്ക് പ്രിയോർ ബഹു. ജോസ് നെടുംപാറയച്ചൻ നേതൃത്വം നൽകി വരുന്നു.

മറ്റ് ആശ്രമാംഗങ്ങളായ ബഹു. ലിബിൻ വലിയപറമ്പിൽ അച്ചൻ സെന്റ് ജോസഫ് കോളേജ് ബർസാറായും, ബഹു. ലിജോ കൊച്ചുവീട്ടിൽ അച്ചൻ സെന്റ് ജോസഫ് അക്കാദമിയുടെ ബർസാറായും സേവനമനുഷ്ഠിക്കുന്നു. ബഹു. തോമസ് വെങ്ങാലുമാക്കൽ അച്ചൻ കോളേജിൽ ടീച്ചിങ്ങ് സ്റ്റാഫായും, ആശ്രമത്തിന്റെ ബർസാറായും സേവനം ചെയ്യുന്നു.

ബഹു. ഫിലിപ്പ് കണിയാംപറമ്പിൽ അച്ചൻ കൃഷികാര്യങ്ങൾക്ക് നേതൃത്വം വഹിക്കുകയും ബഹു. ജെയിംസ് വഴനക്കലച്ചനും, ബഹു. മോഡസ്റ്റ് പുറത്തയിലച്ചനും പാസ്റ്ററൽ ജോലിക്കും നേതൃത്വം നൽകുകയും ചെയ്യുന്നു. ബഹു. ജോൺ കച്ചിറമറ്റം അച്ചൻ വിശ്രമജീവിതം നയിക്കുന്നു. ബഹു. ഫാ. കടിയം കുറ്റിയിൽ, ബ്രദർ ഡോണി, ബ്രദർ അൻവിൻ എന്നിവർ കോളേജ് പഠനത്തിലും ഏർപ്പെട്ടിരിക്കുന്നു.

സെന്റ് ആൻസ് ആശ്രമം കുര്യനാട്

ജനുവരി 11, 12, 13 തിയതികളിൽ നമ്മുടെ ദേവാലയത്തിലെ തിരുന്നാൾ ആഘോഷപൂർവ്വം നടത്തപ്പെട്ടു. 250 പേർ പങ്കെടുത്ത അന്നാത്രേസ്യാ സംഗമം തിരുന്നാളിന്റെ മാറ്റ് കൂട്ടി.

സ്കൂൾ വാർഷികങ്ങൾ : സെന്റ് ആൻസ് ഹയർ സെക്കന്ററി സ്കൂളിന്റെ 37-ാം വാർഷികം ജനുവരി 25-ാം തിയതി നടത്തപ്പെട്ടു. എം.എൽ.എ. അഡ്വ. മോൻസ് ജോസഫ് വാർഷികക്കിന് അദ്ധ്യക്ഷത വഹിച്ചു.

ചാവറ ഹിൽസിന്റെ വാർഷികം "Hilline Celesta"-Season 3 ഫെബ്രുവരി 8 ന് നടത്തപ്പെട്ടു. പ്രൊവിൻഷ്യൽ ബഹു. സെബാസ്റ്റ്യൻ ഇലഞ്ഞിക്കൽ അച്ചൻ അധ്യക്ഷത വഹിച്ച സമ്മേളനം എം.എൽ.എ. അഡ്വ. മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്തു.

സെന്റ് ആൻസ് എൽ.പി. സ്കൂളിന്റെയും വാർഷികം വളരെ മനോഹരമായി കുട്ടികളുടെ വ്യത്യസ്ത കലാപരിപാടികളോടെ നടത്തപ്പെട്ടു.

സോണൽ മീറ്റിംഗ് : ഫെബ്രുവരി 24-ാം തിയതി സെന്റ് ആൻസ് ആശ്രമത്തിൽ വച്ച് സോണൽ ഗാതറിംഗ് നടത്തപ്പെട്ടു. തദവസരത്തിൽ പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ച ബഹു. വർക്കി ചക്കാലക്കച്ചനും, ജോസുകുട്ടി ഐക്കരപ്പറമ്പിൽ അച്ചനും അനുമോദനങ്ങളും ആശംസകളും അർപ്പിച്ചു.

ഒരു ഓപ്പറേഷനു വിധേയനായ ബഹു. ജോർജ്ജ് മാടപ്പാട്ടച്ചൻ, ഓപ്പറേഷനുശേഷം ഇപ്പോൾ വിശ്രമിക്കുന്നു.

സെന്റ് ആൻസ് മൈനർ സെമിനാരി, കുര്യനാട്

വിശുദ്ധ അന്നാമ്മയുടെ മാദ്ധ്യസ്ഥം നിറഞ്ഞു നിൽക്കുന്ന കുര്യനാട് സെന്റ് ആൻസ് മൈനർ സെമിനാരിയിൽ 9 യോഗാർത്ഥികൾ ആണ് പ്രീ നൊവിഷ്യേറ്റ് കാലഘട്ടത്തിലൂടെ കടന്നു പോകുന്നത്. അതിൽ 5 പേർ പ്ലസ് വണ്ണിലും 4 പേർ പ്ലസ് റ്റുവിലും ആണ് തങ്ങളുടെ പഠനങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നത്. പഠനത്തോടൊപ്പം കലാസാഹിത്യ മേഖലകളിലും യോഗാർത്ഥികൾ കഴിവു തെളിയിച്ചിരിക്കുകയാണ്. മൈനർ ഉപജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടി ജില്ലാതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും ജില്ലാതലത്തിൽ പങ്കെടുക്കുകയും ചെയ്തു. അതോടൊപ്പം സാൻജോ ഫെസ്റ്റിലും മൈനർ സെന്റ് ആൻസ് സ്കൂളിനെ പ്രതിനിധീകരിച്ച് പങ്കെടുക്കുകയും 2-ാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. സെൻ ആൻസ്, ചാവറ ഹിൽസ് സ്കൂളുകളുടെ ആനിവേഴ്സറിയിൽ റെജി നെപ്പോളിയൻ സാറിന്റെ നേതൃത്വത്തിൽ പരിശീലിച്ച നൃത്തചുവടുകൾ യോഗാർത്ഥികൾ അവതരിപ്പിക്കുകയും ചെയ്തു.

ആരോഗ്യമുള്ള ഒരു നവതലമുറ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ തങ്ങളാൽ ആവും വിധം വിഷരഹിത മായ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കാനും, സ്കൂളിന് ഒരു ജൈവ പച്ചക്കറി തോട്ടം സമർപ്പിക്കാനും യോഗാർത്ഥികൾക്ക് കഴിഞ്ഞു.

പരീക്ഷയോട് അടുക്കുന്ന ഈ നിമിഷങ്ങളിൽ കൂടുതൽ പ്രാർത്ഥിക്കാനും, പരിശ്രമിക്കാനും യോഗാർത്ഥികൾ ശ്രദ്ധരാണ്. പഠനത്തിലും, പ്രാർത്ഥനയിലും, പരിശ്രമത്തിലും യോഗാർത്ഥികൾ ഒരുമയോടെ മുന്നേറുന്നു.

ഗദ്സമെനി ആശ്രമം പാലമ്പ്ര

നമ്മുടെ ആശ്രമത്തിന്റെയും പള്ളിയുടെയും പരിസരങ്ങൾ കല്ല് പാകി കൂടുതൽ മനോഹരമാക്കികൊണ്ടിരിക്കുന്നു. പള്ളിയുടെ പുതിയ കൊടിമരത്തിന്റെയും കൽ കുരിശിന്റെയും പണികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

മേരിമാതാ സി.എം.ഐ. ഹൗസ്, തേനി

ദീപങ്ങളുടെ ഉത്സവമായ ദീപാവലി, മേരി മാതാ ഹൗസിലും അനുബന്ധിത സ്കൂളുകളിലും പുഞ്ചിരിയുടെ ദീപങ്ങൾ തെളിയിച്ചു. നവംബർ ആറാം തീയതി ഒരുമയുടെ ഓരംചേരാനും സ്നേഹം പങ്കുവയ്ക്കുവാനുമായി zonal gathering നടത്തുകയും തദവസരത്തിൽ ബഹു. ജോബിൻ തയ്യിൽ അച്ചൻ സന്യാസ ജീവിതത്തിന്റെ ദൈവിക പദ്ധതിയെക്കുറിച്ച് സന്ദേശം നൽകുകയും ചെയ്തു. സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സന്ദേശം പകരുന്ന ക്രിസ്മസ്സിനെ വരവേൽക്കാൻ മേരി മാതാ ക്യാമ്പസ് ഒരുങ്ങി. ഡിസംബർ 22-ാം തീയതി ക്രസ്മസ്സ് അഘോഷം മേരിമാതാ കുടുംബാംഗങ്ങളുടെയും, അടുത്തുള്ള സന്യാസസമൂഹങ്ങളുടെയും ദിവ്യകാരുണ്യ സമൂഹത്തിന്റെയും സാനിധ്യത്തിൽ അതിമനോഹരമായി നടത്തപ്പെട്ടു, തദവസരത്തിൽ ബഹു. ഐസക്ക് പൂച്ചാംകുളം അച്ചൻ സന്ദേശം നൽകി. 2019 ജനുവരി 11 തികച്ചും സന്തോഷത്തിന്റെയും അഭിമാനത്തിന്റെയും സുദിനമായിരുന്നു. ബഹു. പ്രൊവിൻഷ്യൽ അച്ചൻ മെട്രിക്കുലേഷൻ സ്കൂളിന്റെ എക്സറ്റൻഷൻ ബ്ലോക്കിനു തറക്കല്ലിട്ടു. പണികൾ പുരോഗമിക്കുന്നു. നമ്മുടെ സ്കുളുകളുടെ വാർഷികാഘോഷങ്ങൾ ജനുവരി 12 ന് പ്രശസ്ത ടി.വി. അവതാരകൻ സി.ഗോപിനാഥ് ഉദ്ഘാടനം ചെയ്യുകയും, ബഹു.പ്രൊവിൻഷ്യാളച്ചൻ അദ്ധ്യക്ഷതവഹിക്കുകയും ചെയ്തു. തദവസരത്തിൽ കുട്ടികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു.

നവവൈദികനായ ബഹു. റിജോ പുളിച്ചമാക്കൽ അച്ചൻ തന്റെ 2014-2015 റീജൻസി കാലഘട്ടത്തെ സ്മരണ അയവിറക്കാൻ ഭവനത്തിൽ വന്നു. അദ്ദേഹത്തിന്റെ സേവനമണ്ഡലമായിരുന്ന സി.ബി.എസ്.ഇ. പബ്ലിക്ക് സ്കൂളിൽ അദ്ദേഹത്തിനു ഹൃദ്യമായ സ്വീകരണം നൽകുകയും ചെയ്തു.

ദർശന ഭവൻ കപ്പാട്

ദർശനയിലെദാർശനികരായഞങ്ങൾ പതിനേഴ് നവസന്യാസികൾ പ്രാർത്ഥനയുടെ ആഴങ്ങളറിഞ്ഞ്, ദൈവാനുഭവത്തിന്റെ ചുടുപറ്റി, സന്ന്യാസ സൗഹൃദം രുചിച്ചറിഞ്ഞ് ആദ്യവ്രതാർപ്പണത്തിലൂടെ സഭയിലേയ്ക്ക് പ്രവേശിക്കുവാനായി ഒരുങ്ങിക്കൊണ്ടിരിക്കുന്നു.

പ്രാർത്ഥനയിൽ നിന്ന് ഉരുത്തിരിയുന്ന പ്രവർത്തനമെന്ന കർമ്മലീത്താ പാരമ്പര്യത്തിനോട് ചേർന്ന് ഓരോ പ്രഭാതത്തിലും നടത്തുന്ന ആരാധനയിൽ നിന്നും ശക്തി സംഭരിച്ചാണ് ഓരോ ദിനവും ആരംഭിക്കുന്നത്. സന്ന്യാസജീവിതം, വി. ചാവറപ്പിതാവിനെക്കുറിച്ചുള്ള ക്ലാസുകൾ, നമ്മുടെ

സഭയെ കുടുതൽ അറിയാൻ, സ്നേഹിക്കാൻ നമ്മുടെ സഭയുടെ നിയമാവലി എന്നീ ആധികാരിക പഠനങ്ങൾ ബഹു. റെക്ടറച്ചനിലൂടെ ഞങ്ങൾ രുചിച്ചറിയുന്നു.

അദ്ധ്വാനിച്ച് അപ്പം ഭക്ഷിക്കുവിൻ എന്ന ശ്ലീഹായുടെ വാക്കുകൾ ഹൃദയത്തിൽ ഏറ്റുവാങ്ങിക്കൊണ്ട് ദർശനവീടിന്റെ ചുറ്റുപാടുകളിലായി ഒരേക്കറോളം സ്ഥലത്ത് വിവിധയിനം പച്ചക്കറികൾ കൃഷിചെയ്ത് ഫലമെടുത്ത് ഹരിതവിപ്ലവം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ, ഏകദേശം 2200 കിലോ കപ്പ പറിച്ച് വാട്ടുകയും ചെയ്തു. അതോടൊപ്പം റ്റിഷ്യൂകൾച്ചർ ഏത്ത, റോബസ്റ്റ, കദളി, ഞാലിപ്പൂവൻ തുടങ്ങിയ ഇനങ്ങളിലായി മുന്നൂറോളം വാഴത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

ആശ്രമാന്തരീക്ഷം കൂടുതൽ ജീവസുറ്റതാക്കാൻ പശു, പന്നി, പോത്ത്, കോഴി, താറാവ്, കൾഗം മുതലായ പക്ഷിമൃഗാദികളെ പരിപാലിച്ചു പോരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയ മീൻകൃഷി ആദ്യപ്രാവശ്യം തന്നെ 60 കിലോയുടെ ഫലത്തിലെത്തിവൻ വിജയമായി മാറി. ഒരു ദർശനാരാമം വളർത്തിയെടുക്കുകയെന്ന ഉദ്ദേശ്യവുമായി മനോഹരമായ ഒരു പൂന്തോട്ടം അണിഞ്ഞൊരുങ്ങുന്നു. ഇതിനൊക്കെ ഞങ്ങൾക്ക് ഉത്തേജനം നൽകുന്നത് Active and Creative ആശയങ്ങളുള്ള ബഹു. ജസ്റ്റിൻ ചീരംവേലിയച്ചനാണ്.

ഞങ്ങളുടെ കായികമികവും ആരോഗ്യദൃഢഗാത്രതയും സന്ന്യാസ ഐക്യവും വളർത്തുന്നതിനായി നവീകരിച്ച ബാസ്ക്കറ്റ്ബോൾ കോർട്ട് ബഹു. പ്രൊവിൻഷ്യൽ അച്ചൻ ഉദ്ഘാടനം ചെയ്തു.

ആധ്യാത്മിക പാതയിൽ കൂടുതൽ ഉണർവ്വു നൽകുന്നതിനായി ബഹു. വികർ ജനറാളച്ചന്റെ കാനോനിക സന്ദർശനം ഞങ്ങൾക്കു നല്ല അനുഭവമായിരുന്നു.

ഞങ്ങളുടെ ആത്മീയ വളർച്ചയിൽ ഞങ്ങളെ സഹായിക്കുന്നത് ബഹു. കുര്യൻ വേങ്ങത്താനമച്ചനാണ്. നിഷ്കളങ്ക ജീവിതത്തിന് ഉടമയായ അച്ചന് ഒത്തിരി നന്ദി. ഈയിടെ അച്ചന് ഹെർണിയ ഓപ്പറേഷൻ കഴിഞ്ഞ് സുഖമായി വരുന്നു.

സന്യാസത്തിന്റെ ആഴങ്ങളിലേയ്ക്ക് ഞങ്ങളെ കൈപിടിച്ച് നടത്തുവാനും ആദ്ധ്യാത്മികതയുടെ പടവുകൾ ചവിട്ടികയറി തീക്ഷണതയുള്ള സന്ന്യാസികളായി ജീവിക്കുവാനും ഞങ്ങളുടെ സ്നേഹം നിറഞ്ഞ റെക്ടർ ഫാ. മാത്യു ആനത്താരയ്ക്കൽ അച്ചനും, ബഹു. കുര്യൻ വേങ്ങത്താനമച്ചനും ബഹു. ജസ്റ്റിൻ ചീരംവേലിൽഅച്ചനും സഹായിക്കുന്നു.

NEW APPOINTMENTS

Fr. Chandy Kizhakkayil -
Vicar Provincial & Councillor for Evangelization and Pastoral Ministry
(Mob: 07511178926)
Fr. Joby Mathenkunnel - Provincial Auditor, Mutholy (Mob: 07511178921)
Fr. Binesh Kattackanadayil - Sub-Regional Superior, Peru
Fr. Libin Valiyaparambil - Bursar, St.Joseph College, Arakulam
Fr. Jinu Machukuzhyputhenpura - Co-opted Member,
Department of Evangelization & Pastoral Ministry.

നിര്യാതനായി

ഫാ. ജോസഫ് തെക്കേവട്ടക്കാട്ട് സി. എം. ഐ
(1948 – 2018)

സി.എം.ഐ. സഭയുടെ കോട്ടയം സെന്റ് ജോസഫ് പ്രവശ്യാംഗമായിരുന്ന ബഹു. ജോസഫ് തെക്കേവട്ടക്കാട്ട് അച്ചൻ (70) 2018 ഡിസംബർ 26-ാം തീയതി രാവിലെ 8.00 മണിക്ക് കാഞ്ഞിരപ്പള്ളി മേരിക്യൂൻസ് ആശുപത്രിയിൽ നിര്യാതനായി.

പാല രൂപതയിലെ കളത്തൂർ ഇടവകയിൽ പരേതരായ ഉലഹന്നാൻ - ഏലികുട്ടി ദമ്പതികളുടെ മകനായി 1948 നവംബർ 21-ാം തീയതി ജനിച്ചു. 1968ൽ സി.എം.ഐ. സഭയിൽ യോഗാർത്ഥിയായിചേർന്ന അദ്ദേഹം 1973 മെയ് 16-ാം തീയതി ആദ്യവ്രതവും 1978 മെയ് 16ന് നിത്യവ്രതവും അനുഷ്ഠിച്ചു. 1982 ഏപ്രിൽ 20-ാം തീയതി പൗരോഹിത്യം സ്വീകരിച്ചു.

ബഹുമാനപ്പെട്ട ജോസഫ് അച്ചൻ പുള്ളിക്കാനം പള്ളി സഹവികാരി, കപ്പാട് ദർശന നൊവിഷ്യേറ്റ് ഭവൻ കാര്യദർശി, പാല സെന്റ് വിൻസന്റ് ബോർഡിംങ്ങ് ഹൗസ് റെക്ടർ എന്നീനിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. തീഷ്ണമതിയായ ഒരു മിഷനറിയായിരുന്ന അച്ചൻ ഗുജറാത്തിൽ ഭവനഗർ മിഷനിലും (1985-87), 1992 മുതൽ 2017 വരെ സുദീർഘമായ 25 വർഷം ലാറ്റിൻ അമേരിക്കൻ രാജ്യമായ പെറുവിൽ വിവിധ രൂപതകളിൽ, വ്യത്യസ്ഥ സേവനരംഗങ്ങളിൽ വൈദിക ശുശ്രൂഷ നിർവഹിച്ചിരുന്നു.

ജോൺ കളത്തൂർ, ഫാ. തോമസ് തെക്കേവട്ടക്കാട്ട് സി.എം.എഫ് (വിശാഖപട്ടണം), ഏലിയാമ്മ, ജോർജുകുട്ടി എന്നിവർ സഹോദരങ്ങളാണ്.

മൃതദേഹം 28-ാം തീയതി രാവിലെ 9.30 മുതൽ കുര്യനാട് സെന്റ് ആൻസ് ആശ്രമ ദേവാലയത്തിൽ പൊതുദർശനത്തിന് വെയ്ക്കുകയും ഉച്ചകഴിഞ്ഞ് 2.30 ന് സംസ്കാര ശുശ്രൂഷകൾ ആശ്രമ ദേവാലയത്തിൽ ആരംഭിക്കുകയും നിരവധി സഭാംഗങ്ങളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ മൃതദേഹം സംസ്കരിക്കുകയും ചെയ്തു.

പെറു മിഷൻ സുപ്പീരിയർ ബഹു. ജയിംസ് നെടുംപറമ്പിൽ അച്ചൻ ജോസഫച്ചനെ അനുസ്മരിച്ചതുപോലെ 'ഒരു നല്ല മനുഷ്യൻ, നല്ല സന്യാസി, സർവ്വോപരി ഒരു നല്ല അജപാലകൻ; എളിമയും ലാളിത്യവും ജീവിതവ്രത മാക്കിയ അദ്ദേഹം ആദർശങ്ങളെ മുറുകെപിടിച്ചു, നീതിക്കുവേണ്ടി സദാ നില കൊണ്ടും ശാന്തഗംഭീരമായ താപസ്സ ജീവിതത്തിലൂടെ മിഷനറി എന്ന നില യിൽ ഏവർക്കും മാതൃകയായിരുന്ന' ബഹു ജോസഫച്ചനെ ഓർത്ത് നമുക്കു നല്ല ദൈവത്തിന് നന്ദി പറയാം;

ഫാ. ഏയ്ഡൻ കുളത്തിനാൽ സി. എം. ഐ
(1929 – 2019)

സി.എം.ഐ. സഭയുടെ കോട്ടയം സെന്റ് ജോസഫ് പ്രവിശ്യയിലെ പാല മ്പ്ര ഗദ്സെമനി ആശ്രമാംഗമായിരുന്ന ബഹു. ഏയ്ഡൻ കുളത്തിനാൽ അച്ചൻ (90) 2019 ജനുവരി 9-ാം തീയതി ഉച്ച കഴിഞ്ഞ് 5.00 മണിക്ക് കാഞ്ഞിരപ്പള്ളി മേരികൃൂൻസ് ആശുപത്രിയിൽ നിര്യാ തനായി.

പാല രൂപതയിലെ ഉള്ളനാട് ഇടവക യിൽ പരേതരായ മാത്തുണ്ണി - മറിയം ദമ്പതികളുടെ മകനായി 1929 ഫെബ്രു വരി 21-ാം തീയതി ജനിച്ചു. 1945 ൽ സി.എം.ഐ. സഭയിൽ യോഗാർത്ഥി യായിചേർന്ന അദ്ദേഹം 1949 ഒക്ടോ ബർ 15-ാം തീയതി ആദ്യവ്രതവും 1952 ഒക്ടോബർ 15 ന് നിത്യവ്രതവും അനു ഷ്ഠിച്ചു. 1957 ഏപ്രിൽ 6-ാം തീയതി അന്നത്തെ ചങ്ങനാശ്ശേരി അതിരൂപതാ അദ്ധ്യക്ഷൻ മാർ മാത്യു കാവുകാട്ട് പി താവിൽ നിന്നും പൗരോഹിത്യം സ്വീക രിച്ചു.

ബഹുമാനപ്പെട്ട ഏയ്ഡൻ കുളത്തിനാ ൽ അച്ചൻ കോട്ടയം സെന്റ് ജോസഫ് പ്രവിശ്യയുടെ പ്രൊവിൻഷ്യൽ ഓഡി റ്റർ, പ്രൊവിൻഷ്യൽ സെക്രട്ടറി, കരി ക്കാട്ടൂർ, അറക്കുളം ആശ്രമങ്ങളുടെ പ്രി യോർ, പുളിയന്മല, കാഞ്ഞിരപ്പള്ളി, കോട്ടയം ഭവനങ്ങളുടെ പ്രീഫെക്ട്,

മാന്നാനം, മുത്തോലി പരിശീലനഭവനങ്ങളിൽ വൈദിക വിദ്യാർത്ഥികളുടെ റെക്ടർ, അധ്യാപകൻ, ബോർഡിംങ്ങ് റെക്ടർ, എന്നീ നിലകളിലും പൂഞ്ഞാർ, ചക്കുപള്ളം, പുതുപ്പള്ളി എന്നിവിടങ്ങളിൽ അജപാലന ശുശ്രൂഷയും നിർവഹിച്ചിട്ടുണ്ട്. സി.എം.ഐ. സഭയുടെ നിരവിൽപ്പുഴയിലുള്ള നിർമ്മൽഗിരി ആശ്രമത്തിലും അച്ചൻ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

മാതൃകായോഗ്യമായ സന്യാസ ജീവിതം നയിച്ച, സന്തോഷവാനായ സി.എം.ഐ. സഭാംഗം, ഏല്പിക്കപ്പെട്ട ജോലികളെല്ലാം തികഞ്ഞ അർപ്പണ ബോധത്തോടും, സേവനബുദ്ധിയോടും അദ്ദേഹം നിർവഹിച്ചിട്ടുണ്ട്. ബഹു. ഏയിഡനച്ചന്റെ കർമ്മരംഗം കൂടുതലും ചെലവഴിച്ത് യോഗാർത്ഥികളുടെ പരിശീലനത്തിനായിരുന്നു. ലത്തീൻ, സുറിയാനി, ഇംഗ്ലീഷ് ഭാഷകൾ വളരുന്ന തലമുറയ്ക്കുവേണ്ടി പറഞ്ഞുകൊടുക്കാൻ സാധിച്ചതിൽ അദ്ദേഹം ഏറെ സന്തോഷിച്ചിരുന്നു. ജോർജ്ജ് മാത്യു, പരേതരായ മറിയം, ജോസഫ്, സിസ്റ്റർ അസ്സീസ്സി സി.എം.സി., സിസ്റ്റർ മാരിയറ്റ് എസ്,എ,ബി.എസ്., എൽസി ജോൺ എന്നിവർ സഹോദരങ്ങളാണ്.

മൃതദേഹം 10-ാം തീയതി രാവിലെ 10 ന് പാലാ സെന്റ് വിൻസെന്റ് ആശ്രമ ദൈവാലയത്തിൽ പൊതുദർശനത്തിന് വെയ്ക്കുകയും ഉച്ചകഴിഞ്ഞ് 2.00 മണിക്ക് സംസ്കാര ശുശ്രൂഷകൾ ആശ്രമദേവാലയത്തിൽ ആരംഭിക്കുകയും നിരവധി സഭാംഗങ്ങളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ മൃതദേഹം സംസ്കരിക്കുകയും ചെയ്തു.

New Transfers

NAME	FROM	TO
Fr. Joseph Pathrapankal	Vazhoor	Kanjirappally
Fr. Jobin Thayil	Arakulam	Kottayam
Fr. Libin Valiyaparambil	Kottayam	Arakulam
Fr. Thomson Koodappattu	Kottayam	Puliyanmala
Fr. Philip Nechikkattil	Pala	Bengaluru
Fr. Geo Kannamkulam	Kottayam	Arakulam

പ്രവിശ്യയിൽ നിന്നുപോയവർ

കഴിഞ്ഞ വർഷത്തിൽ നമ്മുടെ 2 ശെമ്മാശന്മാർ
സന്യാസവിളി ഉപേക്ഷിച്ച് സ്വഭവനങ്ങളിലേക്ക് തിരിച്ചുപോയി.

1. റോബിൻ ഏലംകുന്നം (റീജന്റ്, പുളിയന്മല).
2. അലൻ പടിഞ്ഞാറേപറമ്പിൽ (റീജന്റ്, പുതുപ്പള്ളി)

Let's Remember the Departed Souls
Slept in the Lord

Sr. Gracemaria SH (74), beloved sister of Fr. Augustine Thengumpallil CMI, slept in the Lord on Tuesday, 03 December 2018. Her funeral was on 06 December 2018 at 2.00 pm at St. Michael's Church, Pazhayidam.

Sr. Enid Cheeramkuzhy MSJ (76) Beloved elder sister of Rev. Fr. Mathew Cheeramkuzhy CMI & maternal aunt of Rev. Fr. Cherian Thalakulam CMI, slept in the Lord on 7 January 2019 morning. Her funeral was on Tuesday, 08 January 2019 at 02.30 pm at MSJ Provincial House, Chunangamvely, Aluva.

Mrs. Mariyamma (81) beloved paternal aunt of Rev. Fr. Thomas Mathilakathu. Her funeral was on 10.2.2019 at St. Mary's Church, Oravampuram.

Mr. N. J. Varkey Naduvilatharayil (Pappachan) (79) Beloved father of Rev. Fr. Figi Naduvilatharayil CMI, slept in the Lord, on 18 February 2019. His funeral was on Wednesday, 20 February 2019 at 03.00 pm at Gethsemane Church Palampra, Kanjirapally.

Mrs. Kuttiyamma Lukose Vallikattukuzhy (81), beloved Mother of Rev. Fr. Lukose Vallikattukuzhy CMI, slept in the Lord on 26 February 2019. Her funeral was on Saturday, 2 March 2019 at 03.00 pm at Mar Sleeva Forane Church, Cherpumkal.

M**r. K.T.Mathew Koyipuram (96)** Beloved paternal uncle of Rev. Fr. Justine Koyipuram CMI, slept in the Lord, on 4 March 2019. His funeral was on 5 March 2019 at 10.00 am at St. George Church Mutholy.

Mrs. Mariyakutty Thevarkunnel (83), beloved Maternal Aunt of Rev. Fr. Sinu Panickaparambil CMI, slept in the Lord on 7 March 2019. Her funeral was on 8 March 2019 at 09.30 am at St.Sebastian's Church, Koodaranji.

Sr. Emeril Pannivelil SD (80), beloved elder sister of Rev. Fr. Cyriac Pannivelil CMI, slept in the Lord on 08 March 2019. Her funeral was on 09 March 2019 at 10.30 am at SD Provincial House, Chethipuzha.

Mrs. Annamma Kanjiramkalayil (94), beloved elder sister of Rev. Fr. George Kanjamala CMI, was called to eternal rest on 10 March 2019. Her funeral was on 11 March 2019 at 3.00 pm at Sacred Heart Church, Pangada, Pampady.

UPCOMING EVENTS General Level

Formation Coordination

- The newly professed members of CMI family will assemble in PG House, Chavara Hills from April 23-25, 2019.
- The preparation for the final profession will begin from April 25, 2019 in Chavara Hills, Kakkanad, followed by retreat in Sehion Retreat Centre, Attappady and further preparatory programmes in CSR Pariyaram.
- The Quinquennial programme for the junior priests will be held in Chavara Hills, Kakkanad from May 8 -10, May 22-24, September 7-9, 2019 and in Poornodaya, Bhopal from September 14-16, 28-30, 2019. All the junior priests who have been ordained from December 2013 to 2017 shall attend one of the programmes without fail.
- CMI Foundation Day will be celebrated in St. Kuriakose Elias Pilgrim Centre, St. Joseph's Monastery, Mannanam on May 11, 2019. CMI Awards will be presented on Foundation Day.
- Koinonia, get together of our members ordained during 1991-1995 will be held in Chavara Hills during 03-05 May 2019.
- Koinonia, get together of our members ordained during 2001-2005 will be held in Chavara Hills during 12-14 May 2019.
- Koinonia, get together of our members ordained during 1996-2000 will be held in Chavara Hills during 17-19 May 2019.
- Koinonia, get together of our members ordained during 2006-2010 will be held in Chavara Hills during 26-28 May 2019.
- General Formation Council and Major Superiors Meeting will be held in Dharmaram College, Bangalore from August 30 to September 2, 2019.
- CMI Mission Year: 1 October 2018 – 31 October 2019.
- CMI Mission Congress: Friday, 27 September 2019 – Tuesday, 1 October 2019.

ദൈവവിളി പ്രോത്സാഹനം
നമ്മുടെ കടമ

ആഗോള കത്തോലിക്കാസഭയുടെയും, സി.എം.ഐ സഭയുടെയും വളർച്ചയ്ക്ക് ധാരാളം ദൈവവിളികൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണല്ലോ. (വിശുദ്ധരായ വൈദികരാണ് സഭയുടെ കരുത്തും, സഭ കൂട്ടായ്മയുടെ ആത്മീയ ചൈതന്യവും. അതിനായി ദൈവവിശ്വാസത്തിൽ അടിയുറച്ചു പ്രേഷിത തീക്ഷണതയിൽ ജ്വലിക്കുന്ന ധാരാളം യുവ അർത്ഥികളെ നമ്മുടെ സഭയ്ക്ക് ആവശ്യമുണ്ട്. അത് കണ്ടെത്തുക എന്നത് സഭാംഗങ്ങൾ എന്ന നിലയിൽ നമ്മുടെ കടമയും ഉത്തവാദിത്വവുമാണ്. നമ്മുടെ പ്രേഷിത മേഖലകളിൽ, ശുശ്രൂഷ വേദികളിൽ ധാരാളം കുടുംബങ്ങളെയും കുട്ടികളെയും കണ്ടുമുട്ടുന്നുണ്ടല്ലോ. അതിൽ സന്യാസപൗരോഹിത്യ വിളിയോട് ആഭിമുഖ്യം പ്രകടിപ്പിക്കുന്ന കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കുകയും, അവരെ സി.എം.ഐ. കോട്ടയം പ്രൊവിൻസിലേയ്ക്ക് ക്ഷണിക്കുകയും, അവരുടെ വിവരങ്ങൾ പ്രവിശ്യയിലെ വൊക്കേഷൻ പ്രൊമോട്ടേഴ്സിനെ അറിയിക്കുകയും ചെയ്യണമേ എന്ന് വിനയപൂർവ്വം ഓർമ്മിപ്പിക്കുന്നു. സഭയുടെ ദൈവവിളി പ്രോത്സാഹന പരിശ്രമത്തിൽ നമുക്ക് ഒന്നു ചേർന്ന് പ്രവർത്തിക്കാം.

വൊക്കേഷൻ പ്രൊമോട്ടേഴ്സ്, കോട്ടയം പ്രൊവിൻസ്

Fr. Ginu Machukuzhyputhanpurayil	-	**98861 63998**
Fr. Midhun Thadiyananickal	-	**94966 92681**
Fr. Geo Kannamkulam	-	**82811 43259**
Fr. Justine Cheeramvelil	-	**82812 73226**